# ദി ഡിഫെൻഡർ

Vol. No. 8 Issue No. 23 RNI Reg. No. 68089 / 97 Published From Perumbavoor 2005 DECEMBER 1

# ഭോഷ്ക്കിന്റെ ശതാബ്ദി പൊടിപൂരമാകും

പെന്തക്കോസ്ത് ശതാബ്ദിയെന്ന ഭോഷ്ക്ക് പൊടിപൂരമാകും എന്ന് തിരുവല്ലയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. നേതാക്കൻമാർക്കെല്ലാം പരമാവധി ഷൈൻ ചെയ്യാനും അതുവഴി മാനവും മഹത്വവും എടുക്കാനും കഴിയും.

മന്ത്രിമാരും രാഷ്ട്രീയക്കാരും മറ്റും എത്തും. ശതാബ്ദിക്കാർക്ക് അവരോടൊപ്പം നിന്ന് ഫോട്ടോ എടുക്കാം. അത് പത്രത്തിൽ അടിച്ചുവിടാം. പിൻതലമുറയ്ക്കായി സൂക്ഷിച്ചു വെയ്ക്കുകയും ചെയ്യാം.

എല്ലാ മതവും ഒന്നാണെന്നും ഏതു മതത്തിൽ വിശ്വസിച്ചാലും ആത്മസാക്ഷാത്ക്കാരം നേടാൻ കഴിയുമെന്നുമുള്ള മഹത്തായ സന്ദേശം മന്ത്രിമാർ പെന്തക്കോസ്തുകാരുടെ ചെലവിൽ പ്രചരിപ്പിക്കും. മാലോകർ അതുകേട്ട് കോരിത്തരിക്കും. യേശുവല്ലാതെ മറ്റൊരു രക്ഷകനില്ല എന്നു പ്രസംഗിച്ചു നടക്കുന്ന പാവം ഉപദേശിമാർ ഈ പുതിയ സുവിശേഷം കേട്ട് വണ്ടറടിക്കും. ചെകുത്താന്റെ നാമം മഹത്വപ്പെടും.

101 അംഗ ഗായകസംഘത്തിന്റെ പാട്ട് അക്ഷരാർത്ഥത്തിൽ തന്നെ തട്ടുപൊളിപ്പനാകും. ഈ സംഗീത സാഗരത്തിൽ അകപ്പെട്ട് തിരുവല്ല പട്ടണം കൈയ്യും കാലുമിട്ടടിക്കും.

മുക്തിമിഷനിൽ ആരോ ഇംഗ്ലീഷ് പറഞ്ഞതിന്റെ ശതാബ്ദിയാണിത് എന്നത്രേ പെന്തക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യയുടെ ജനറൽ സെക്രട്ടറിയായ കെ.എൻ.റസ്സൽ പറയുന്നത്. വർഷം നൂറു കഴിഞ്ഞിട്ടും ആ അനുഭവം പെന്തക്കോസ്ത് സഭകളിൽ ഇന്നും നിലനിൽക്കുന്നു എന്നുള്ളത് സന്തോഷകരമാണ്. ഈയിടെ കുമ്പനാട് ഹെബ്രോനിൽ പച്ച മലയാളത്തിൽപ്പോലും ഉപദേശിമാർ മറുഭാഷ പറയുകയുണ്ടായി.

പെന്തക്കോസ്ത് സഭകൾ ഉണ്ടായി നൂറു വർഷം കഴിഞ്ഞിട്ടും കെ.സി.ജോണിനേപ്പോലൊരു വ്യഭിചാരിയെ സമ്മേളനത്തിന്റെ തലപ്പത്തിരുത്തേണ്ടിവന്ന ഗതികേടോർത്ത് സകല പെന്തക്കോസ്തുകാരും ലജ്ജിക്കണം. സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ച ഈ നീചനാണ് പെന്തക്കോസ്തുകാരുടെ നേതാവെങ്കിൽ പെന്തക്കോസ്തിന്റെ ശതാബ്ദിക്ക് അനുശോചനയോഗമാണ് നടത്തേണ്ടത്.

കഴിഞ്ഞ ചില മാസങ്ങളായി ഡിഫെൻഡർ പറഞ്ഞുകൊണ്ടിരുന്നത് വീണ്ടും പറയട്ടെ: ശതാബ്ദി സമ്മേളനം സാത്താന്യതന്ത്രമാണ്. ഇതിലൂടെ മഹത്വപ്പെടുന്നത് ദൈവനാമമല്ല മറിച്ച് സാക്ഷാൽ ചെകുത്താന്റെ നാമമാണ്. ദൈവമക്കൾ സൂക്ഷിക്കുക.

## ഡിഫെൻഡർ ഒൻപതാം വയസ്സിലേക്ക്

ഈ ലക്കത്തോടെ ഡിഫെൻഡർ ഒൻപതാം വയസ്സിലേക്ക് പ്രവേശിക്കയാണ്. കഴിഞ്ഞ എട്ടു വർഷം ഒരു ലക്കംപോലും മുടങ്ങാതെ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു എന്നത് എടുത്തു പറയത്തക്ക നേട്ടമാണ്.

1997 ഡിസംബർ 10ന് ആദ്യലക്കം പ്രസിദ്ധീകരിച്ചുകൊണ്ടാണ് ഡിഫെൻഡർ രംഗത്തു വന്നത്. ടാബ്ലോയിഡ് സൈസിൽ നാലു പേജ് മാത്രമായിരുന്നു അന്ന് ഡിഫെൻഡറിന് ഉണ്ടായിരുന്നത്. ആദ്യത്തെ അഞ്ചു വർഷം ഈ നില തുടർന്നു. എന്നാൽ 2003 ജനുവരി മുതൽ 16 പേജുകൾ ഉള്ള പത്രമായി ഡിഫെൻഡർ വളർന്നു.

വേദങ്ങളിലെ പ്രജാപതി സങ്കല്പത്തിന് ഇല്ലാത്ത വിശേഷതകൾ ചാർത്തിക്കൊടുത്ത് ക്രിസ്തുവാക്കി ജനവഞ്ചന നടത്തിയിരുന്ന കപട സുവിശേഷകർക്കെതിരെ പ്രതികരിച്ചുകൊണ്ടാണ് ഡിഫെൻഡർ പ്രസിദ്ധീകരണം ആരംഭിച്ചത്. രണ്ടു വർഷം നീണ്ടുനിന്ന പോരാട്ടമായിരുന്നു അത്. പ്രജാപതിയുടെ ചിതാഭസ്മം കണ്ടശേഷമാണ് ഈ യുദ്ധം ഡിഫെൻഡർ അവസാനിപ്പിച്ചത്.

അഴിമതിക്കാരും ദുർന്നടപ്പുകാരുമായ സഭാനേതാക്കൻമാർക്കെതിരെയും ഡിഫെൻഡർ പ്രതികരിച്ചു. സുവിശേഷീകരണത്തിന്റെ പേരിൽ പിരിച്ചെടുത്ത പണം ഉപയോഗിച്ച് അവർ തിരിച്ചടിച്ചു. ഡിഫെൻഡറിനെതിരെ ഒരു ഡസനിലധികം സിവിൽ കേസ്സുകളുണ്ടായി. കുറച്ചധികം ക്രിമിനൽ കേസ്സുകളും. പക്ഷേ, ഡിഫെൻഡർ തളർന്നില്ല. അതുകൊണ്ട് ഒൻപതാം വർഷത്തിലേക്ക് കടക്കാൻ കഴിഞ്ഞു.

ക്രൈസ്തവ വിശ്വാസാചാരങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാത്രമായിരുന്നു ആദ്യകാലങ്ങളിൽ ഡിഫെൻഡറിന്റെ ഉള്ളടക്കം. എന്നാൽ 2003 ജനുവരി മുതൽ ഈ രീതിക്ക് മാറ്റം വന്നു. ഇപ്പോൾ മതേതര വിഷയങ്ങളും ഡിഫെൻഡറിലുണ്ട്.

2004 ജനുവരി മുതൽ വീണ്ടും ചില പരിഷ്ക്കാരങ്ങൾ വരുത്തി. ഡിഫെൻഡർ ഒരു ദ്വൈവാരികയായി എന്നതാണ് പ്രധാന മാറ്റം. കൂടാതെ, ഡിഫെൻഡറിന്റെ വാർഷിക വരിസംഖ്യ 2004 ജനുവരി മുതൽ 100 രൂപ ആയി ഉയർത്തി. അതോടൊപ്പം വരിസംഖ്യ നിർബ്ബന്ധവുമാക്കി.

ഇപ്പോൾ ഡിഫെൻഡർ പ്രിന്റ് ചെയ്യുന്നത് സ്വന്തം പ്രസ്സിലാണ്. പെന്തക്കോസ്തുകാർ പ്രസിദ്ധീകരിക്കുന്ന മറ്റൊരു വർത്തമാന പത്രത്തിനും അവകാശപ്പെടാൻ കഴിയാത്ത സവിശേഷതയാണിത്. ദൈവകൃപ ഒന്നു കൊണ്ടു മാത്രമാണ് ഇതൊക്കെ സാദ്ധ്യമായത്. ആകയാൽ സർവ്വ മഹത്വവും ദൈവത്തിനർപ്പിക്കുന്നു.

## വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: സൗജന്യ നിരക്ക് ഈ മാസം 31 വരെ

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ നാലാമത്തേത് അടുത്തയാഴ്ച പുറത്തിറങ്ങും. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് ഈ സി.ഡിയിൽ വിശദീകരിക്കുന്നത്.

മൂന്നാമത്തെ സി.ഡി. കഴിഞ്ഞമാസം പുറത്തിറങ്ങി. പരിശുദ്ധാത്മശാസ്ത്രം, ദുരാത്മശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം ഈ സി.ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ മൂന്നു സി.ഡികൾക്ക് 300 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 750 രൂപ നൽകിയാൽ മതിയാകും. ഈ സൗജന്യം ഡിസംബർ 31 വരെ മാത്രം. അതു കഴിഞ്ഞാൽ 10 സി.ഡികൾക്ക് 900 രൂപ നൽകേണ്ടതായി വരും. വിദേശത്തുള്ളവർ ദയവായി ഇന്ത്യയിലുള്ള ഒരു വിലാസവും ഫോൺ നമ്പറും അറിയിക്കുക. (വിദേശത്തേക്ക് സി.ഡി. അയയ്ക്കുന്നത് വലിയ പണച്ചെലവുള്ള കാര്യമാണ്).

മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുറിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുറിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ – 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

## രോഗശാന്തി ഉണ്ടായാൽ അറിയിക്കണം

റോജർ ഹോസ്മ അത്യുഗ്രൻ രോഗശാന്തിക്കാരനാണെന്നും അതിഗംഭീരമായ രോഗശാന്തികൾ തിരുവല്ലയിൽ നടക്കുമെന്നും ശതാബ്ദിക്കാർ കൊട്ടിഘോഷിക്കുന്നുണ്ട്. അതുകൊണ്ട് പറയട്ടെ: അത്ഭുതം എന്നു വിളിക്കാവുന്ന ഇനത്തിൽപ്പെട്ട രോഗശാന്തി ഉണ്ടായാൽ അത് തെളിവു സഹിതം പ്രസിദ്ധപ്പെടുത്തണം.

നൂറു കണക്കിനു രോഗശാന്തിയുണ്ടായി എന്ന പതിവു പല്ലവി പാടി രക്ഷപ്പെടാൻ ശ്രമിക്കരുത്. നൂറുവേണ്ട ഒന്നുമതി. പക്ഷേ, അത് യഥാർത്ഥ രോഗശാന്തി ആയിരിക്കണം. അത്ഭുത രോഗശാന്തി ആയിരിക്കണം.

രോഗശാന്തി പ്രാപിച്ച നിരവധി ആളുകൾ സാക്ഷ്യം പറഞ്ഞു എന്ന ന്യായം ചൂണ്ടിക്കാട്ടി തലയൂരാൻ ശ്രമിക്കരുത്. സാക്ഷ്യം പറയുന്നവരോട് എല്ലാ വിശദാംശങ്ങളും ചോദിച്ചറിഞ്ഞ് പേരും വിലാസവും ഫോൺ നമ്പറും രോഗത്തിന്റെ വിവരവും സഹിതം പരസ്യപ്പെടുത്തണം. സംശയിക്കുന്നവർക്ക് നേരിൽ കണ്ട് ബോദ്ധ്യപ്പെടാൻ അവസരം ഒരുക്കണം.

## നവോത്ഥാനമുണ്ടാകുമോ?

ശതാബ്ദി സമ്മേളനം കൊണ്ട് എന്തു പ്രയോജനം ഉണ്ടാകും? ആത്മീയ നവോത്ഥാനമുണ്ടാകും. പറയുന്നത് പെന്തക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യയുടെ ജനറൽ സെക്രട്ടറിയായ കെ.എൻ.റസ്സലാണ്. എറണാകുളത്തുനിന്നും തോമസ് വടക്കേക്കുറ്റ് പ്രസിദ്ധീകരിക്കുന്ന കേരള മിഡ്ഡേ ടൈംസ് എന്ന ദിനപ്പത്രത്തിന്റെ നവംബർ 18 ലക്കത്തിലാണ് റസ്സൽ ഇങ്ങനെ പറയുന്നത്:

സമ്മേളനശേഷം സഭക്ക് എന്താണ് സംഭവിക്കുക എന്ന ചോദ്യത്തിന് ഉത്തരമായി റസ്സൽ പറയുന്നു: ''സഭയിൽ സമ്മേളനശേഷം ആത്മീയ നവോത്ഥാനത്തിൽ ശരിയായ ജീവിതത്തിന്റെ മനംതിരിവുണ്ടാകും. മറ്റു സമൂഹത്തിന് നൻമ ചെയ്തും ബൈബിളിനോട് നീതി പുലർത്തിക്കൊണ്ടും ആദ്യകാല ക്രിസ്തീയ അനുഭവത്തിലേക്ക് ഈ സമൂഹം മടങ്ങിവരാൻ കഴിയുമെന്ന് വിശ്വസിക്കുന്നു''.

എത്ര മനോഹരമായ നടക്കാത്ത ആഗ്രഹങ്ങൾ എന്നല്ലാതെ എന്തു പറയാൻ. തിരുവല്ലയിൽ ഒരു സമ്മേളനം നടത്തിയാൽ പെന്തക്കോസ്തുകാർ മാനസാന്തരപ്പെടുമെന്നു പറയണമെങ്കിൽ അസാമാന്യ വിവരക്കേടു വേണം. ഇത്തരം നൂറു സമ്മേളനം നടത്തിയാലും പെന്തക്കോസ്തുകാരോ പെന്തക്കോസ്ത് പ്രസ്ഥാനങ്ങളോ നന്നാകുകയില്ല.

ഒരുശതമാനം പെന്തക്കോസ്തുകാരിലെങ്കിലും ആത്മീയ ഉണർവ്വുണ്ടാക്കുവാൻ ഈ സമ്മേളനത്തിനു കഴിഞ്ഞാൽ റസ്സൽ പറയുന്നതിൽ കാര്യമുണ്ടെന്നു സമ്മതിക്കാം. പക്ഷേ ഈ സമ്മേളനം ഒരു ചലനവുമുണ്ടാക്കാതെ കടന്നുപോകും.

## പ്രധാനമന്ത്രി വരുമോ?

ശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്യാൻ ഇന്ത്യൻ പ്രധാനമന്ത്രി വരും എന്ന് കേൾക്കാൻ തുടങ്ങിയിട്ട് മാസങ്ങൾ പലതായി. റോജർ ഹോസ്മയോടൊപ്പം പ്രധാനമന്ത്രിയും പോസ്റ്ററുകളിൽ സ്ഥാനം പിടിച്ചിട്ടുമുണ്ട്. പ്രധാനമന്ത്രിയോടൊപ്പം വേദി പങ്കിടുന്ന സുദിനം സ്വപ്നം കണ്ടാണ് ശതാബ്ദിക്കാർ ഉറങ്ങുന്നത്. ഇത്രയുമൊക്കെ ആയെങ്കിലും ചോദിക്കട്ടെ: പ്രധാനമന്ത്രി വരുമോ?

പ്രധാനമന്ത്രിയെ കൊണ്ടുവരുന്ന കാര്യം ഉമ്മൻ ചാണ്ടി ഏറ്റിരിക്കയാണ് എന്നത്രേ ഒരു പ്രമുഖ ശതാബ്ദിക്കാരൻ പറഞ്ഞത്. ഉമ്മൻ ചാണ്ടി വിചാരിച്ചാൽ പ്രധാനമന്ത്രിയെ കൊണ്ടുവരാൻ കഴിഞ്ഞേക്കാം. എങ്കിലും ഒരു സംശയം: പ്രധാനമന്ത്രി വരുമോ?

ജനുവരിയിൽ പ്രധാനമന്ത്രി കേരളത്തിൽ എത്തുമെന്നറിയുന്നു. അങ്ങനെയെങ്കിൽ അതിന് ഒരുമാസം മുൻപ് ഒരിക്കൽക്കൂടി വരുമോ? സംശയമാണ്. വരുമെന്ന് ഒരു വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെ അതിനുള്ള ഒരുക്കങ്ങളൊന്നും സർക്കാർ നാളിതുവരെ ചെയ്തിട്ടില്ല. അതുകൊണ്ട് സംശയം വിട്ടുമാറുന്നില്ല. ശതാബ്ദിക്കാർ ഇതേപ്പറ്റി ഒന്നും പറയുന്നുമില്ല.

ദി ഡിഫെൻഡർ

Vol. No.8 Issue No. 23 2005 December 1

# തിരഞ്ഞെടുപ്പു ഫലവും കാണാപ്പുറങ്ങളും

തിരുവനന്തപുരം പാർലമെന്റ് ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് ലഭിച്ച വിജയം ഒട്ടേറെ ആശയക്കുഴപ്പങ്ങൾക്ക് കാരണമായിട്ടുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് ലഭിച്ചതിൽ അധികം വോട്ടുകൾ ഇത്തവണ ലഭിച്ചതാണ് ഏറെ ചർച്ച ചെയ്യപ്പെടുന്നത്.

ബി.ജെ.പിക്ക് വോട്ടുകൾ കുറയുമെന്ന് ഏവർക്കും അറിയാമായിരുന്നു. പക്ഷേ, കെട്ടിവച്ച കാശ് പോകുമെന്ന് ശത്രുക്കൾ പോലും കരുതിയിരുന്നില്ല. ബി.ജെ.പിയുടെ വോട്ടുകൾ എങ്ങനെ ചോർന്നു എന്നത് ഇപ്പോഴും ഒരു തർക്കവിഷയമായി നിലനിൽക്കുന്നു. ബി.ജെ.പിക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടുകളത്രയും ബി.ജെ.പി. അനുഭാവികളുടെ വോട്ടായിരുന്നു എന്ന് ബി.ജെ.പി. പോലും പറയുന്നില്ല. അതുകൊണ്ടുതന്നെ ഇത്തവണ വോട്ടു കുറഞ്ഞതിൽ അത്ഭുതവുമില്ല. പക്ഷേ, ഇത്തവണ ലഭിച്ചതിന്റെ ഇരട്ടി വോട്ടുകളെങ്കിലും ലഭിക്കേണ്ടതായിരുന്നു. അത് എങ്ങനെ ചോർന്നു? വോട്ടുകച്ചവടമെന്നൊക്കെ പറയാമെങ്കിലും അതിൽ വലിയ കഥയൊന്നുമില്ല. അത് പ്രായോഗികമല്ല എന്നതുതന്നെ കാരണം.

യു.ഡി.എഫിന് അധികമായി ലഭിച്ച വോട്ടുകളെല്ലാം വോട്ടുകച്ചവടത്തിലൂടെ ലഭിച്ചതാണ് എന്നു പറയുന്നതും അർത്ഥശൂന്യമാണ്. കഴിഞ്ഞതവണ രാജഗോപാലിന് ലഭിച്ച നിഷ്പക്ഷ വോട്ടുകളിൽ പകുതി ഇത്തവണ യു.ഡി.എഫിന് ലഭിച്ചു. ബാക്കി എൽ.ഡി.എഫിനും ലഭിച്ചു. ഒട്ടും വിജയപ്രതീക്ഷയില്ലാത്ത ബി.ജെ.പിക്ക് കടുത്ത ബി.ജെ.പി. അനുഭാവികളൊഴികെ ആരും വോട്ടു ചെയ്തില്ല. ഇതാണ് വസ്തുത.

എൽ.ഡി.എഫിന്റെ വിജയത്തിന്റെ പിന്നിൽ തങ്ങളാണെന്ന് ഡി.ഐ.സി. അവകാശപ്പെടുന്നുണ്ട്. അത്തരം ഒരു അവകാശവാദം ഉന്നയിക്കേണ്ടത് ഡി.ഐ.സിയുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ഡി.ഐ.സിയെ കൂടാതെ ഇടതുപക്ഷത്തിന് നിലനിൽപ്പില്ല എന്ന് വരുത്തിത്തീർത്തെങ്കിൽ മാത്രമേ അവർക്ക് എൽ.ഡി.എഫിൽ കയറിക്കൂടാൻ പറ്റൂ.

എൽ.ഡി.എഫിന്റെ വിജയത്തിന് ഡി.ഐ.സി. ഒരു സംഭാവനയും നൽകിയിട്ടില്ല എന്ന് പറയാനാവില്ല. കരുണാകരനും കൂട്ടരും ശിവകുമാറിനോടൊപ്പം നിന്ന കാലത്ത് എൽ.ഡി.എഫിന് ലഭിച്ചതിനേക്കാൾ അധികം ഭൂരിപക്ഷം ഇത്തവണ ലഭിച്ചിട്ടുണ്ട്. കരുണാകരനെ കൂടെ കൂട്ടിയതിൽ എൽ.ഡി.എഫിനോട് നീരസമുള്ളവരുണ്ട്. അത്തരം അയ്യായിരം വോട്ടുകൾ യു.ഡി.എഫിന് ലഭിച്ചിട്ടുണ്ടാകാം. ഈ വ്യത്യാസംകൂടി പരിഗണിച്ചാൽ ഏകദേശം 20,000 വോട്ടുകൾ മാത്രമാണ് ഡി.ഐ.സി. ബന്ധത്തിലൂടെ എൽ.ഡി.എഫിന് ലഭിച്ചതെന്ന് കാണാം. ഡി.ഐ.സിക്ക് ഏറ്റവും സ്വാധീനമുള്ളിടത്ത് ഇതാണ് സ്ഥിതിയെങ്കിൽ മറ്റു സ്ഥലങ്ങളിൽ എന്താണുള്ളതെന്ന് ഊഹിക്കാം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

**വാർഷിക വരിസംഖ്യ**

ഇന്ത്യയിൽ: 100 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

വാസ്തുവിന്റെ സഹായത്തോടെ ബി.ജെ.പിയിലെ പ്രശ്നങ്ങളൊക്കെ പരിഹരിച്ചിട്ട് മാസങ്ങളേ ആയിട്ടുള്ളൂ. പക്ഷേ, വാസ്തുവിന് പണ്ടുള്ളത്ര ശക്തി ഇപ്പോഴില്ല എന്ന് കരുതേണ്ടിയിരിക്കുന്നു. (കലികാലമായതുകൊണ്ടാകാം). ഒന്നിനു പിറകേ ഒന്നായിട്ട് പ്രശ്നങ്ങൾ വിടാതെ പിൻതുടരുകയാണ്. അടിതൊട്ട് മുടിവരെ പ്രശ്നങ്ങൾ മാത്രം.

പാർട്ടി പ്രസിഡന്റിനെ ശനി ബാധിച്ചിട്ട് മാസങ്ങൾ പലതായി. വാസ്തു എത്തിയിട്ടും ശനിക്ക് കുലുക്കമില്ല. മുപ്പതു ദിവസംകൂടി കഴിഞ്ഞാൽ രാജി വെച്ച് തലയൂരാമല്ലോ എന്ന ചിന്തയിലാണ് അഡ്വാനിജി. ഉമാഭാരതി അടങ്ങുന്ന ലക്ഷണമില്ല. അതുകൊണ്ട് മദ്ധ്യപ്രദേശിൽ ബഹളം പൊടിപൂരം. കേരളത്തിലെ സ്ഥിതി പരമ ദയനീയം. കെട്ടിവെച്ച കാശ് പോയി. ഇത്ര ദയനീയമായ പരാജയം സ്വപ്നത്തിൽ പോലും കണ്ടിരുന്നില്ല. വോട്ടു പോയ വഴി ഏത് എന്നു മാത്രമേ ഇനി അറിയാനുള്ളൂ.

പത്മനാഭൻ ഡി.ഐ.സിയിൽ ചേരും എന്നൊരു വാർത്ത പ്രചരിക്കുന്നുണ്ട്. ഇതിൽ എത്രത്തോളം സത്യമുണ്ടെന്ന് അറിഞ്ഞുകൂടാ. എങ്കിലും ഇത് അസംഭവ്യമാണെന്ന് പറയാനാവില്ല. അടുത്ത കാലത്തൊന്നും ബി.ജെ.പിക്ക് കേരളത്തിൽ അധികാരം കൈയ്യാളാൻ പറ്റില്ലെന്നു വ്യക്തം. ബി.ജെ.പിയിൽ നിന്നതുകൊണ്ട് കാര്യമായ ഗുണമൊന്നും ഉണ്ടാകാനില്ല എന്നു ചുരുക്കം. അതുകൊണ്ട് ഡി.ഐ.സി. വഴി ഇടതുമുന്നണിയിൽ കടന്നുകൂടിയാൽ അടുത്ത മന്ത്രിസഭയിൽ ഒരു കസേര തരപ്പെട്ടേക്കും. അതു സാധിച്ചില്ലെങ്കിൽപോലും ഒരു എം.എൽ.എ. എങ്കിലും ആകാൻ കഴിയും. സംഗതി അത്ര മോശമാണെന്നു പറയാനാവില്ല.

ബീഹാറിലെ വിജയം മാത്രമാണ് അല്പം ആശ്വാസത്തിന് വക നൽകുന്നത്. പക്ഷേ അത് ബി.ജെ.പിയുടെ വിജയം എന്നതിനേക്കാൾ നിധീഷ് കുമാറിന്റെ വിജയമാണ്. കോൺഗ്രസിന്റേയും ആർ.ജെ.ഡിയുടേയും പരാജയവുമാണ്.

ഈച്ചയും മുതലയമ്മാവനുംകൂടി ഇത്തവണയും പുലിയെ പിടിച്ചു. മാത്രമല്ല, പുലിയെ പിടിക്കുന്നതിൽ ഈച്ച വഹിച്ച പങ്ക് എത്രയെന്ന് മുതലയമ്മാവൻ വിശദീകരിക്കയും ചെയ്യുന്നു. ഈച്ച ഇല്ലായിരുന്നെങ്കിൽ ഇത്തവണ പുലിയെ പിടിക്കാൻ പറ്റില്ലായിരുന്നു എന്നുവരെ അമ്മാവൻ പറഞ്ഞുവെച്ചിരിക്കയാണ്. ഇമ്മിണി മുഴുത്ത ശരീരമുണ്ടെങ്കിലും മുതലയമ്മാവന്റെ തലയ്ക്കകത്ത് കാര്യമായി ഒന്നും ഇല്ലെന്ന് വ്യക്തം.

കേരളത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടി ഏത്? സി.പി.ഐ.(എം.) തന്നെ. രണ്ടാം സ്ഥാനം ആർക്ക്? കോൺഗ്രസ്സിന് എന്ന് പറഞ്ഞാൽ ലീഡർജി സമ്മതിച്ചു തരികയില്ല. കോൺഗ്രസ്സിന് പണ്ട് ഒന്നാം സ്ഥാനമോ കുറഞ്ഞപക്ഷം രണ്ടാം സ്ഥാനമോ ഒക്കെ ഉണ്ടായിരുന്നിരിക്കാം. പക്ഷേ, ഇന്ന് അതല്ല സ്ഥിതി. കേരളത്തിലെ രണ്ടാമത്തെ രാഷ്ട്രീയ പാർട്ടി ഡി.ഐ.സി. യാണ്. എന്താ, ആർക്കെങ്കിലും സംശയമുണ്ടോ? ഇല്ലേ ഇല്ല.

ഇതു കേൾക്കുമ്പോൾ കോൺഗ്രസ്സുകാരുടെ ഉള്ളിൽ തീ ആളും. പക്ഷേ, അതിൽ അധികം മന:പ്രയാസം അനുഭവിക്കുന്നത് സി.പി.ഐ. ആണ്. കൈച്ചിട്ട് ഇറക്കാനും വയ്യ, മധുരിച്ചിട്ട് തുപ്പാനും വയ്യ എന്ന സ്ഥിതി. പന്ന്യൻ രവീന്ദ്രനെ പാർലമെന്റിൽ എത്തിച്ചത് ഡി.ഐ.സിയാണെന്ന് ലീഡർജിയും കൂട്ടരും പറയുന്നു. സംഗതി അങ്ങനെയല്ല എന്നു പറയാനുള്ള ധൈര്യം സി.പി.ഐ.ക്ക് ഇല്ല. ഡി.ഐ.സി.യോടൊപ്പം വേദി പങ്കിടുകയും അവരുടെ എല്ലാവിധ സഹായങ്ങളും നന്ദിപൂർവ്വം കൈപ്പറ്റുകയും ചെയ്തശേഷം അവരെ തള്ളിപ്പറയുന്നതെങ്ങനെ? കാര്യം കാണാൻ കഴുതക്കാലും പിടിക്കണം എന്ന ന്യായം അനുസരിച്ച് ഡി.ഐ.സിയുടെ കാലു പിടിച്ചതാണ് എന്ന സത്യം തുറന്നു പറയുന്നതെങ്ങനെ?

മിണ്ടാതിരുന്നാലും പ്രശ്നം തീരുന്നില്ല. കേരളത്തിലെ രണ്ടാം കക്ഷിയാണ് ഡി.ഐ.സി. എന്ന് ലീഡർജി പ്രഖ്യാപിച്ചു കഴിഞ്ഞു. അസംബ്ലി തെരഞ്ഞെടുപ്പിനു മുൻപ് ഡി.ഐ.സി. ഇടതുപക്ഷ മുന്നണിയിൽ എത്തും എന്നതിന് സംശയമില്ല. അവരെ എടുക്കരുത് എന്ന് പറയാൻ സി.പി.ഐ.ക്ക് കഴിയുകയുമില്ല. അങ്ങനെ അവർ മുന്നണിയിൽ എത്തിയാൽ ഏറ്റവും കൂടുതൽ നഷ്ടം ഉണ്ടാകുക സി.പി.ഐക്ക് ആയിരിക്കും എന്നതിന് സംശയമില്ല. എൽ.ഡി.എഫിലെ രണ്ടാമത്തെ കക്ഷിയായി ഇതുവരെ കഴിഞ്ഞിരുന്ന സി.പി.ഐ. അങ്ങനെ മൂന്നാം സ്ഥാനത്തേക്ക് പിൻതള്ളപ്പെടും. വല്യേട്ടന്റെ ഭരണംകൊണ്ടുതന്നെ പൊറുതിമുട്ടിയിരിക്കയാണ്. ഇനി കൊച്ചേട്ടൻകൂടി ആകുമ്പോൾ എല്ലാം തികഞ്ഞു. മുപ്പതു കൊല്ലം മുൻപു ചെയ്തതുപോലെ കോൺഗ്രസ്സുമായി ചേർന്ന് ഒരു മുന്നണി ഉണ്ടാക്കുകയാണ് ഏക പോംവഴി.

ഒട്ടകത്തിന് തല ഒളിക്കാൻ ഇടം കൊടുത്ത അറബിയുടെ കഥ എൽ.ഡി.എഫിന് അറിയാമോ? ഇല്ലെങ്കിൽ അത് എത്രയും വേഗം ഒന്നു പഠിക്കുന്നത് നന്നായിരിക്കും. താമസിച്ചു പോയാൽ അറബി ഔട്ടാകും. ഒട്ടകം കൂടാരം കൈവശപ്പെടുത്തും. പിന്നെ ദു:ഖിച്ചിട്ട് ഫലമില്ല.

ആറു മാസം കഴിയുമ്പോൾ എന്തു സംഭവിക്കും? എന്തും സംഭവിക്കാം. പക്ഷേ തീർച്ചയായും സംഭവിക്കുന്ന ഒരു കാര്യമുണ്ട്: കേരള പോലീസ് മോഡൽ പോലീസാകും. കള്ളവുമില്ല, ചതിവുമില്ല, എള്ളോളമില്ല പൊളിവചനം എന്ന പരുവത്തിലാകും എന്നു ചുരുക്കം. അന്നും ഉരുട്ടൽ ഉണ്ടാകും. പക്ഷേ ഇരുചെവി അറിയാതെ കാര്യം ഒതുക്കും. ചത്തവന്റെ ശവം പോലും കാണില്ല. പോലീസിന് എങ്ങനെയാണ് ഈ മാറ്റം ഉണ്ടാകുക? പറയാം: ആറു മാസം കഴിയുമ്പോൾ പോലീസിനെ ഭരിക്കുന്നത് ലീഡർജിയോ കുറഞ്ഞപക്ഷം മകനോ ആയിരിക്കും.

വയസ്സുതെളിയിക്കാൻ സ്ക്കൂളിലുള്ള ഏകരേഖ അഡ്മിഷൻ രജിസ്റ്ററാണെന്ന് തെറ്റിദ്ധരിച്ചത് ഈയിടെ ഒരു കുട്ടിക്ക് വിനയായി. അഡ്മിഷൻ രജിസ്റ്ററിലെ പേജ് കീറിക്കളഞ്ഞിട്ടും പുലിവാല് തീരുന്നില്ല. അപേക്ഷാഫോം എന്നൊന്ന് അവിടെയുണ്ടാകുമെന്ന് ആരറിഞ്ഞു? അറിഞ്ഞിരുന്നെങ്കിൽ ആ കടലാസ്സു കൂടി അടിച്ചുമാറ്റി പ്രശ്നം ഒതുക്കാമായിരുന്നു.

മന്തുരോഗ നിവാരണത്തിനായി ഗുളിക കഴിച്ച പലർക്കും വിവിധതരത്തിലുള്ള രോഗങ്ങളുണ്ടായതായി കേട്ടു. മന്തുരോഗ നിവാരണത്തിനു പകരം മന്തുരോഗി നിവാരണമാണ് നടത്തുന്നതെന്ന് ചിലർ ആക്ഷേപം ഉന്നയിക്കയും ചെയ്തിരിക്കുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ നമ്മുടെ ചില നേതാക്കൻമാർ മന്തുരോഗ നിവാരണ ഗുളിക കഴിച്ചുകൊണ്ട് മന്തുരോഗ നിവാരണം ഉദ്ഘാടനം ചെയ്തത് ഒരു സാഹസമായിപ്പോയില്ലേ? ഒരു ആവേശത്തിന് കഴിച്ചുപോയതായിരിക്കുമെങ്കിലും ഇത്തരം ആവേശങ്ങൾ ഒഴിവാക്കുകയാണ് ബുദ്ധി.

**എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക**

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.

ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

**പെരുമ്പാവൂർ പ്രിന്റേഴ്സ്**

ബസ്റ്റ് കോംപ്ലക്സ്

കെ.എസ്.ആർ.ടി.സിക്ക് സമീപം

പെരുമ്പാവൂർ. ഫോൺ : 0484-3950734, 9447414608

# കൊറ്റനാട് സഭയിലെ സംഭവങ്ങളേക്കുറിച്ച് ആ സഭയിലെ വിശ്വാസികൾ പുറത്തിറക്കിയ തുറന്ന കത്ത്

## ബിജുവിനെ സംരക്ഷിക്കുന്നത് അധാർമ്മികം

കൊറ്റനാട് സഭയുടെ മുൻശുശ്രൂഷകനും കുപ്രസിദ്ധ പ്രകൃതി വിരുദ്ധനുമായ ബിജു ഐസക്കിനെ ടി.എസ്.ഏബ്രഹാമും കൂട്ടരും ചേർന്ന് സംരക്ഷിക്കുന്നത് തികച്ചും അധാർമ്മികമാണ്. ഈ നീചൻ പ്രകൃതിവിരുദ്ധ പാപം ചെയ്തു എന്നതിന് മതിയായ തെളിവുണ്ടായിട്ടും നടപടിയെടുക്കാതെ പരിരക്ഷിക്കുന്നതിന് ഒരു ന്യായീകരണവുമില്ല.

ടി.എസ്.ഏബ്രഹാമിന്റെ ശിങ്കിടികൾ എന്തു തെറ്റു ചെയ്താലും കുഴപ്പമില്ല എന്ന നിലപാട് ഹീനമാണ്. ബിജു ഐസക്കിനെതിരായി ഉണ്ടായ പരാതിയേക്കുറിച്ച് ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ ആരംഭിച്ച വിചാരണ എങ്ങുമാകാതെ നിൽക്കുന്നു. അത് തുടരാൻ ടി.എസ്.ഏബ്രഹാം അനുവദിക്കുന്നില്ല. ടി.എസ്.ഏബ്രഹാമിനെ ധിക്കരിച്ച് വിചാരണയുമായി മുൻപോട്ടു പോകാൻ ധൈര്യമുള്ളവർ സ്റ്റേറ്റ് കൗൺസിലിൽ ഇല്ല. ചുരുക്കത്തിൽ, പ്രകൃതി വിരുദ്ധൻ ഇപ്പോഴും അപ്പംനുറുക്കു ശുശ്രൂഷ ഉൾപ്പെടെ എല്ലാം ചെയ്യുന്നു. പാപത്തെ എതിർത്തവർ പാപികളുമായി.

ദൈവം നികൃഷ്ടബുദ്ധിക്ക് ഏല്പിച്ചവർ മാത്രമേ ഇത്തരം പാപം ചെയ്യൂ എന്ന് ദൈവവചനം വ്യക്തമാക്കുന്നുണ്ട്. ബിജു ഐസക്കിനെ ദൈവം നികൃഷ്ട ബുദ്ധിക്ക് ഏല്പിച്ചിരിക്കയാണെന്ന് വ്യക്തം. പക്ഷേ, ദർശനം നഷ്ടപ്പെട്ട നേതൃത്വത്തിന് സത്യം കാണാൻ കഴിയുന്നില്ല. ടി.എസ്.ഏബ്രഹാം കൊടിയ വ്യഭിചാരിയാണെങ്കിലും പ്രകൃതി വിരുദ്ധനാണെന്ന് കേട്ടു കേൾവി പോലുമില്ല. പിന്നെന്തിന് ഈ പ്രകൃതിവിരുദ്ധനെ താങ്ങുന്നു?

# ശാരോൻ കൺവെൻഷൻ ഈയാഴ്ച

ശാരോൻ കൺവെൻഷൻ ആരംഭിച്ചു. ഈ ഞായറാഴ്ച അവസാനിക്കും. പതിവു പരിപാടികളൊക്കെ ഇക്കൊല്ലവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

അതിഥിപ്രസംഗകരുണ്ടാകും. കൂടാതെ, വിദേശത്തുനിന്നെത്തുന്ന ഏതെങ്കിലും പണച്ചാക്കിനെ സ്റ്റേജിൽ കയറ്റാനും സാദ്ധ്യതയുണ്ട്.

ശാരോൻ നേതാക്കളുടെ കസർത്തുകൾ പതിവുപോലെ നടക്കും. മകളെ ഭാര്യയാക്കി വെച്ചിരിക്കുന്ന പെണ്ണൂട്ടി കൺവെൻഷന്റെ അവിഭാജ്യ ഘടകമാണ്. സാധാരണയായി, ഞായറാഴ്ച പകൽ യോഗത്തിൽ സങ്കീർത്തനം വായിക്കുന്നത് ഈ പരമ നീചനാണ്. കുഞ്ഞൂട്ടി വ്യഭിചാരിയും കള്ളനും ഒക്കെയാണെന്ന് ശാരോൻ നേതാക്കൻമാർക്കറിയാം. ഇയാളെ വിചാരണ ചെയ്തതും കുറ്റവാളിയെന്നു കണ്ടതുമാണ്. പക്ഷേ ഒരു നടപടിയും എടുത്തിട്ടില്ല. എന്തുകൊണ്ട്? ടി.ജി. കോശി, ടി.പി.ഏബ്രഹാം തുടങ്ങിയവർ നടത്തുന്ന കള്ളക്കളികൾക്ക് കുഞ്ഞൂട്ടിയുടെ സഹായസഹകരണങ്ങളുണ്ട്. അതുകൊണ്ട് കുഞ്ഞൂട്ടി നടത്തുന്ന സകല വൃത്തികേടുകൾക്കും ശാരോൻ നേതാക്കൻമാർ കൂട്ടുനിൽക്കുന്നു.

ടി.ജി.കോശിയുടെ കണ്ണുനീർ തൂകൽ ശുശ്രൂഷ ഇത്തവണയും ഉണ്ടാകും. സ്റ്റേജിൽ കയറിയാൽ ഈ കള്ളൻ കരയും. അത് ആത്മീയതയുടെ അങ്ങേയറ്റമാണെന്നത്രേ പാവം ജനത്തിന്റെ ധാരണ. കോടികൾ മോഷ്ടിച്ചതിനേക്കുറിച്ച് ജനം പ്രതികരിക്കാതിരിക്കാനുള്ള അടവാണ് ഈ കള്ളക്കരച്ചിൽ.

ശാരോൻ ജനറൽ ബോഡി, ശാരോൻ ജനറൽ കൺവെൻഷൻ എന്നിവയ്ക്ക് മുന്നോടിയായി പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ നിന്ന് ഒരു കള്ള കാവിയറ്റ് എടുക്കുന്ന ചടങ്ങ് കഴിഞ്ഞ ചില വർഷങ്ങളായി നടന്നുവരുന്നുണ്ട്. ടി.എസ്.ബാലൻ കുഴപ്പമുണ്ടാക്കാതിരിക്കാനുള്ള ഒരു മുൻകരുതലാണിത്. ഇത്തവണ അതുണ്ടാകുമോ എന്ന് നിശ്ചയമില്ല. ഏതായാലും ഈ ലക്കം പ്രസ്സിൽ കൊടുക്കുന്നതുവരെ അങ്ങനെയൊന്നും നടന്നിട്ടില്ല.

എന്തിനാണാവോ ശാരോൻ കൺവെൻഷൻ നടത്തുന്നത് എന്നു ചോദിച്ചാൽ മറുപടി ഉണ്ടാകില്ല. ശാരോൻ കൺവെൻഷൻ മാത്രമല്ല കുമ്പനാട് കൺവെൻഷൻ ഉൾപ്പെടെയുള്ളവ എന്തിന് നടത്തുന്നു എന്ന ചോദ്യത്തിന് ഉത്തരമില്ല. സമുദായക്കാർക്ക് പെരുന്നാളുണ്ട്, പെന്തക്കോസ്തുകാർക്ക് കൺവെൻഷനുണ്ട്. രണ്ടും ഒന്നുതന്നെ. ഫലവും മേല്പടി. അതിൽ അധികമായി ഒരു നേട്ടവും ഈ കൺവെൻഷനുകൾ കൊണ്ട് ഉണ്ടാകുന്നില്ല.









# വിദ്വാൻമാരും കുറെ തെറ്റിദ്ധാരണകളും

"യഹൂദൻമാരുടെ രാജാവായി പിറന്നവൻ എവിടെ?" എന്ന ചോദ്യവുമായി ഹെരോദാവിൻെറ അരമനയിൽ എത്തിയ വിദ്വാൻമാരേക്കുറിച്ച് കേൾക്കാത്തവരുണ്ടാവില്ല. പക്ഷേ, ഈ വിദ്വാൻമാരുമായി ബന്ധപ്പെട്ട് നിരവധി തെറ്റിദ്ധാരണകൾ നിലവിലുണ്ട്. ഈ വിഷയത്തേക്കുറിച്ച് മുൻപൊരിക്കൽ എഴുതിയിട്ടുണ്ടെങ്കിലും ക്രിസ്തുമസ്സ് സീസൺ പ്രമാണിച്ച് വീണ്ടും എഴുതുകയാണ്.

1. എത്ര വിദ്വാൻമാർ വന്നു?

യേശുവിനെ കാണാൻ എത്ര വിദ്വാൻമാർ വന്നു എന്നു ചോദിച്ചാൽ രണ്ടാമതൊന്ന് ആലോചിക്കാതെ ഏവരും മറുപടി പറയും: മൂന്ന്. ചിലർ ഇവരുടെ പേരുകളും പറയും. പക്ഷേ, ഇതൊന്നും ബൈബിൾ പറയുന്നില്ല. മത്തായി എഴുതിയ സുവിശേഷം രണ്ടാം അദ്ധ്യായം ഒന്നു മുതൽ പതിനെട്ടു വരെയുള്ള വാക്യങ്ങൾ വായിക്കുക. "വിദ്വാൻമാർ" എന്ന് അർത്ഥം വരുന്ന magi എന്ന ബഹുവചനമല്ലാതെ (Magi എന്ന വാക്കിൽ നിന്നാണ് മാജിക് എന്ന വാക്കുണ്ടായത്) കൃത്യമായ എണ്ണം ബൈബിളിൽ ഇല്ല. അതുകൊണ്ട് ഇവർ രണ്ടോ അതിൽ അധികമോ ആകാം. പക്ഷേ, മൂന്ന് എന്ന് തീർത്തു പറയാനാവില്ല. ഇവർ മൂന്നു തരത്തിലുള്ള സമ്മാനങ്ങൾ കാഴ്ചവെച്ചു എന്ന വസ്തുത ചൂണ്ടിക്കാട്ടിയാണ് മൂന്നു വിദ്വാൻമാർ എന്ന് പൊതുവെ പറയുന്നത്. പക്ഷേ, രണ്ടാൾക്കോ പത്തുപേർക്കോ മൂന്നു തരത്തിലുള്ള സമ്മാനങ്ങൾ നൽകാൻ കഴിയും.

2. വിദ്വാൻമാർ വന്നതെപ്പോൾ?

യേശുക്രിസ്തു ജനിച്ച രാത്രിയിൽ വിദ്വാൻമാർ എത്തി എന്ന വിശ്വാസവും ശരിയല്ല. ഒന്നാമതായി യേശു ജനിച്ചത് രാത്രിയിലാണെന്ന് ബൈബിൾ പറയുന്നില്ല. ജനിച്ച ദിവസം യേശു അന്തിയുറങ്ങിയത് പുൽക്കൂട്ടിലാണ്. ഇടയൻമാർ യേശുവിനെ കണ്ടതും അവിടെത്തന്നെ. എന്നാൽ വിദ്വാൻമാർ യേശുവിനെ കണ്ടത് പുൽക്കൂട്ടിലല്ല ഒരു വീട്ടിലാണ്. മത്തായി 2:11. വിദ്വാൻമാർ എത്തിയപ്പോഴേക്കും യേശുവിന് അന്തിയുറങ്ങാൻ ഒരു വീട് ലഭിച്ചിരുന്നു. മാത്രമല്ല, വിദ്വാൻമാർ തന്നെ കബളിപ്പിച്ചു എന്ന് മനസ്സിലാക്കിയ ഹെരോദാവ് രണ്ടു വയസ്സിന് താഴെ പ്രായമുള്ള എല്ലാ ശിശുക്കളേയും കൊല്ലുവാൻ ഉത്തരവിടുന്നു. നക്ഷത്രം കണ്ട സമയം ഹെരോദാവ് കൃത്യമായി അറിഞ്ഞിരുന്നു എന്ന് ബൈബിൾ വ്യക്തമാക്കുന്നുണ്ട്. മത്തായി 2:7. അതനുസരിച്ചാണ് രണ്ടു വയസ്സിൽ താഴെയുള്ള എല്ലാ ശിശുക്കളേയും കൊല്ലാൻ കല്പന പുറപ്പെടുവിച്ചത്. അതിൽ നിന്നും ഒരു കാര്യം വ്യക്തം: വിദ്വാൻമാർ വന്നത് യേശുവിൻെറ ജനനം കഴിഞ്ഞ് നിരവധി മാസങ്ങൾക്കു ശേഷമാണ്. പേർഷ്യയിൽ നിന്നും പാലസ്റ്റീൻ നാട്ടിലെത്താൻ ആയിരത്തിൽ അധികം മൈലുകൾ സഞ്ചരിക്കണം. അതുകൊണ്ടാണ് കാലതാമസമുണ്ടായത്.

3. വിദ്വാൻമാർ ആര്?

യേശുവിനെ കാണാൻ എത്തിയ വിദ്വാൻമാർ ഇന്ത്യാക്കാരായിരുന്നു എന്ന് ഒരു വാദമുണ്ട്. അവരിൽ ഒരാൾ വിശ്വാമിത്രനായിരുന്നു എന്ന് പറയുന്നവരുമുണ്ട്. "അത് ഞമ്മളാ" എന്ന് അവകാശപ്പെടുന്നത് ഇന്ത്യാക്കാരുടെ സ്വഭാവമാണ്. പക്ഷേ, ആരാണ് വിദ്വാൻമാർ (magi) എന്ന വിഷയത്തിൽ തർക്കം ഉണ്ടാകേണ്ട കാര്യമില്ല. ഹെറോഡോട്ടസ് ഇവരേപ്പറ്റി (magoi) വിശദമായി പറഞ്ഞിട്ടുണ്ട്. ബ്രിട്ടാനിക്ക ഉൾപ്പെടെയുള്ള നിരവധി റഫറൻസ് ഗ്രന്ഥങ്ങൾ ആരാണ് magi എന്ന് വ്യക്തമാക്കുന്നുമുണ്ട്. അതനുസരിച്ച് ഈ വിദ്വാൻമാർ മേദ്യർ (മീഡുകൾ) ആണ്. (ഇക്കാലത്ത് കുർദ്ദുകൾ എന്ന പേരിൽ അറിയപ്പെടുന്നത് മീഡുകൾ തന്നെ). പേർഷ്യയിലെ പുരോഹിതരായിരുന്നു മാഗി. പേർഷ്യൻ ആധിപത്യം തകർക്കാൻ കച്ചകെട്ടി ഇറങ്ങിയ മീഡുകളുടെ ഒരു സംഘം മാഗി എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഇവർ കഠിനമായി ശ്രമിച്ചിട്ടും പേർഷ്യയെ തകർക്കാൻ കഴിഞ്ഞില്ല. അവരുടെ നേതാവായിരുന്ന ഗൗമാതയെ ബി.സി. 521ൽ ദാരിയസ് (ദാര്യാവേശ്) കൊന്നു. ഈ വിജയത്തിൻെറ ഓർമ്മക്കായി പേർഷ്യാക്കാർ മഗോഫോണിയ എന്ന പേരിൽ ആണ്ടുതോറും ഒരു ഉത്സവം ആഘോഷിച്ചിരുന്നതായി ഹെറോഡോട്ടസ് പറയുന്നുണ്ട്. ഈ പരാജയത്തോടെ അവർ രാഷ്ട്രീയപ്രവർത്തനം ഉപേക്ഷിച്ച് ആത്മീയതയിലേക്ക് തിരിഞ്ഞു.

പിൽക്കാലത്ത് മാഗി രണ്ടായി പിരിഞ്ഞു. മന്ത്രവാദം, ആഭിചാരം. ജ്യോതിഷം, ജാലവിദ്യ തുടങ്ങിയവയുമായി നടന്ന് ജനവഞ്ചന നടത്തി ഉപജീവനത്തിനുള്ള വഴി കണ്ടെത്തുന്നവരായിരുന്നു ഒരു പക്ഷം. പരിശുദ്ധാത്മാവിനെ പണം കൊടുത്തു വാങ്ങാമെന്നു കരുതിയ ശീമോൻ എന്ന ശമര്യാക്കാരൻ ഈ തരത്തിലുള്ള ആളായിരുന്നു. പ്രവൃ 8:18. മതപഠനം, ജ്യോതിശാസ്ത്ര ഗവേഷണം, സത്യാന്വേഷണം തുടങ്ങിയതൊക്കെ ചെയ്ത് കഴിഞ്ഞവരാണ് മറുപക്ഷം. ഇവരിൽ രണ്ടാമതു പറഞ്ഞ സംഘത്തിൽ പെട്ടവരാണ് യേശുവിനെ കാണാൻ എത്തിയത്.

4. വിദ്വാൻമാർ യേശുവിൻെറ ജനനത്തേക്കുറിച്ച് അറിഞ്ഞതെങ്ങനെ?

നക്ഷത്രം കണ്ടാണ് ഈ വിദ്വാൻമാർ യേശുവിൻെറ ജനനത്തേക്കുറിച്ച് അറിഞ്ഞത്. യഹൂദൻമാർക്ക് രാജാവുണ്ടായ വിവരം നക്ഷത്രം കണ്ട് അറിഞ്ഞതെങ്ങനെ? ഈ വിദ്വാൻമാർ വലിയ ജ്യോതിഷ പണ്ഡിതരായിരുന്നു എന്നും ജ്യോതിഷം സത്യമാണെന്ന് ഈ സംഭവം തെളിയിക്കുന്നു എന്നുമാണ് പൊതുവെയുള്ള വിശ്വാസം. പക്ഷേ, അത് ശരിയല്ല. ജ്യോതിഷം ഉൾപ്പെടെയുള്ള ഒക്കൾട്ടിനെതിരെ ബൈബിൾ ശക്തമായ നിലപാടാണ് എടുത്തിട്ടുള്ളത്. ആവർത്തനം. 18:9-14. അതുകൊണ്ട് ബൈബിൾ ജ്യോതിഷത്തെ അംഗീകരിക്കുന്നു എന്ന വാദം ശരിയല്ല.

ജ്യോതിഷമല്ലെങ്കിൽ മറ്റെന്താണ് സത്യം കണ്ടെത്താനായി അവർ ഉപയോഗിച്ചത്? അത് അറിയണമെങ്കിൽ 2രാജാക്കൻമാർ 17:6 വായിക്കുക. അസ്സീറിയൻ രാജാവ് ശമര്യക്കാരെ തോല്പിക്കുകയും അന്യദേശത്ത് കൊണ്ടുപോയി താമസിപ്പിക്കുകയും ചെയ്തു. അവരിൽ ചിലരെ മേദ്യരുടെ ദേശത്താണ് താമസിപ്പിച്ചത്. ശമര്യാക്കാരുടെ കൈവശമുള്ള പഞ്ചഗ്രന്ഥങ്ങൾ മാഗി പഠിക്കുകയും യഹൂദൻമാർക്ക് ഒരു രാജാവുണ്ടാകുമെന്ന സത്യം മനസ്സിലാക്കുകയും ചെയ്തു. "യിസ്രായേലിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും. യാക്കോബിൽ നിന്ന് ഒരു ചെങ്കോൽ ഉയരും" എന്ന് ബിലെയാം പ്രവചിക്കുന്നു. സംഖ്യ 24:17. ഈ അറിവ് മാഗി തലമുറകളായി കൈമാറിപ്പോന്നു.

ഒരു ദിവസം അവർ ഒരു പുതിയ നക്ഷത്രം കണ്ടു. ആദ്യമായാണ് അവർ പുതിയ ഒരു നക്ഷത്രം കാണുന്നത്. അതുകൊണ്ട് ഈ അത്ഭുത പ്രതിഭാസം ഏറെ ചർച്ചാവിഷയമായി. നക്ഷത്രം, ചെങ്കോൽ എന്നീ വാക്കുകൾ കൂട്ടി വായിക്കുവാൻ അവർക്ക് കഴിഞ്ഞു. അങ്ങനെയാണ് ഇത് യഹൂദൻമാരുടെ രാജാവ് ജനിച്ചതിൻെറ അടയാളമാണെന്ന് ഗ്രഹിച്ചത്. ലോകരക്ഷകനായ യേശുവിൻെറ ജനനം സത്യാന്വേഷികളായ മാഗിയെ അറിയിക്കാൻ ദൈവം മാഗിക്ക് മനസ്സിലാകുന്ന ഭാഷ ഉപയോഗിച്ചു. അതാണ് മാഗി കണ്ട പുതിയ നക്ഷത്രം.

ഇത് ഒരു സാധാരണ നക്ഷത്രമല്ല, വിദ്വാൻമാർക്ക് വഴികാട്ടാനായി ദൈവം അയച്ച ദൂതനായിരുന്നു. അങ്ങനെ, അവർ നക്ഷത്രത്തെ പിൻതുടർന്ന് യേശുവിൻെറ അടുത്തെത്തി. ഇതിൽ നിന്നും ജ്യോതിഷമല്ല, ബൈബിളാണ് വഴി കാട്ടിയതെന്ന് വ്യക്തമാണല്ലോ.

# ഡിഫെൻഡർ മറുപടി പറയുന്നു

? രോഗശാന്തി ശുശ്രൂഷയ്ക്കെതിരെ ഡിഫെൻഡർ എഴുതുന്നത് എന്ത് അടിസ്ഥാനത്തിലാണ്? രോഗശാന്തി എന്ന കൃപാവരം ഇക്കാലത്ത് ഇല്ല എന്നാണോ ഡിഫെൻഡർ പഠിപ്പിക്കുന്നത്?

■ ദയവായി എഴുതാപ്പുറം വായിക്കരുത്. രോഗശാന്തി മാത്രമല്ല, ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയിൽ നിലനിന്നിരുന്ന എല്ലാ കൃപാവരങ്ങളും ഇന്നും നിലനിൽക്കുന്നു എന്നാണ് ഡിഫെൻഡർ പഠിപ്പിക്കുന്നത്. പക്ഷേ, നല്ല നാണയം ഉള്ളതുകൊണ്ട് കള്ളനാണയം ഉണ്ടാകുമെന്നും അതുകൊണ്ട് ദൈവമക്കൾ സൂക്ഷിക്കണ്ണെന്നുമാണ് ഡിഫെൻഡർ പറയുന്നത്. ഈ നിലപാട് ദൈവവചന വിരുദ്ധമാണെന്ന് ആരും പറയുമെന്ന് തോന്നുന്നില്ല.

ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവത്തിന്റെ ശക്തി ഇന്നും അതേപടി നിലനിൽക്കുന്നു. യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നെന്നേക്കും മാറാത്തവനാണ്. ഒന്നാം നൂറ്റാണ്ടിൽ ദൈവമക്കൾക്ക് പ്രവചനവരം നൽകിയ പരിശുദ്ധാത്മാവ് ഇന്നും അങ്ങനെതന്നെ ചെയ്യുന്നു. ദൈവാത്മാവിൽ നിറഞ്ഞ് പ്രവചിക്കുന്ന ദൈവദാസൻമാർ ഇന്നുമുണ്ട്. പക്ഷേ അതിന്റെ പത്തിരട്ടിവരും കള്ളപ്രവാചകൻമാരുടെ സംഖ്യ. അതുകൊണ്ട് ദൈവമക്കൾ സൂക്ഷിക്കണം.

രോഗശാന്തിയുടെ കാര്യവും ഇങ്ങനെതന്നെ. ദൈവത്തിന് സൗഖ്യമാക്കാൻ പറ്റാത്ത ഒരു രോഗവുമില്ല. മരിച്ചവരെ ഉയിർപ്പിക്കാനും ദൈവത്തിന് കഴിയും. പക്ഷേ, രോഗശാന്തിയെന്ന പേരിൽ ഇന്നു നടക്കുന്നതിൽ ഭൂരിപക്ഷവും തട്ടിപ്പാണ്. മരിച്ച വ്യക്തി ഉയിർത്തെഴുന്നേറ്റു എന്ന് അടുത്ത കാലത്ത് തങ്കു പ്രചരിപ്പിച്ചതുതന്നെ നല്ല ഉദാഹരണം. (അതിന്റെ വിശദാംശങ്ങൾ ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ).

കേരളത്തിലെ ഏറ്റവും വലിയ രോഗശാന്തി ശുശ്രൂഷകനായി അറിയപ്പെടുന്ന സുരേഷ് ബാബുവിന്റെ തട്ടിപ്പ് ഉദാഹരണമായെടുക്കാം. സുരേഷ് ബാബുവിന്റെ ശുശ്രൂഷയാൽ രോഗശാന്തി പ്രാപിച്ച ആരെങ്കിലുമുണ്ടെങ്കിൽ വിവരം അറിയിക്കണം എന്ന് ഡിഫെൻഡറിൽ പലവട്ടം പരസ്യം ചെയ്തിരുന്നു. രണ്ടു കത്തുകളാണ് കിട്ടിയത്. വെണ്ണിക്കുളത്തുള്ള ഒരാൾക്ക് സുരേഷ് ബാബുവിന്റെ യോഗത്തിൽ പങ്കെടുത്തതോടെ മന:പ്രയാസം മാറിക്കിട്ടി. ഇതിൽ എന്ത് അത്ഭുതമാണുള്ളതെന്ന് മനസ്സിലാകുന്നില്ല. നെയ്യാറ്റിൻകരയിലുള്ള ഒരാൾക്ക് സുരേഷ് ബാബുവിന്റെ ശുശ്രൂഷമൂലം ചൊറിച്ചിൽ മാറിക്കിട്ടി. ഇതു കേട്ടാൽ സാമാന്യ ബുദ്ധിയുള്ളവർക്ക് ചൊറിച്ചിൽ ഉണ്ടാകും.

സുരേഷ് ബാബുവിന്റെ ശുശ്രൂഷയിൽ നാളിതുവരെ ഒരു അത്ഭുതവും നടന്നിട്ടില്ല എന്നതാണ് വസ്തുത. വായിൽ തോന്നിയ കുറെ പേരുകളും രോഗങ്ങളും വിളിച്ചു പറയും. തികച്ചും യാദൃശ്ചികമായി ചിലതൊക്കെ ഒത്തുവരും. രോഗശാന്തി ലഭിച്ചതായി ആരെങ്കിലുമൊക്കെ സ്റ്റേജിൽ കയറി സാക്ഷ്യം പറഞ്ഞെന്നും വരാം. പക്ഷേ, അത്ഭുത രോഗശാന്തി എന്ന് പറയാവുന്ന ഒന്നും സുരേഷിന്റെ യോഗത്തിൽ ഉണ്ടായിട്ടില്ല.

എം.എ.വർഗീസിന്റെ കാര്യവും ഇതുതന്നെ. നടക്കാത്ത രോഗശാന്തി നടന്നെന്ന് പ്രചരിപ്പിച്ച് ജനങ്ങളെ വിഡ്ഢികളാക്കുകയാണ് എം.എ.വർഗീസ് ചെയ്യുന്നത്. കാല് വലിച്ചു നീട്ടുന്ന ഒരു പരിപാടിയാണ് എം.എ.വർഗീസിന്റെ മാസ്റ്റർ പീസ്. മില്ലീമീറ്റർ കണക്കിനാണ് നീളം കൂട്ടുന്നത്. ഇതൊക്കെ വിശ്വസിക്കാനും ആളുണ്ടെന്നതാണ് അത്ഭുതം.

രോഗശാന്തി ശുശ്രൂഷ നടക്കുന്നിടത്തെല്ലാം നൂറുകണക്കിന് രോഗശാന്തികൾ നടന്നതായി പ്രചരണമുണ്ടാകും. പക്ഷേ ഒരെണ്ണം പറയാൻ ആവശ്യപ്പെട്ടാൽ ഉണ്ടാകില്ലെന്നു മാത്രം. അത്ഭുത രോഗശാന്തി പ്രാപിച്ച ഒരാളുടെ പേര്, വിലാസം, ഫോൺ നമ്പർ, രോഗവിവരം തുടങ്ങിയവ ചോദിച്ചാൽ സംഘാടകർ കുഴയും. ചിലപ്പോൾ കോപിച്ചെന്നും വരാം.

ഇത്തരത്തിലുള്ള വിശദാംശങ്ങൾ ലഭിച്ചാൽ വിശദമായ അന്വേഷണം നടത്തണം. രോഗശാന്തി പ്രാപിച്ച വ്യക്തിയെ നേരിൽ കണ്ട് സംസാരിക്കണം. അയൽവാസികളോടും ബന്ധുമിത്രാദികളോടും ചോദിച്ച് വിശദാംശങ്ങൾ ശേഖരിക്കണം. ഈ വ്യക്തിക്ക് രോഗമുണ്ടായിരുന്നോ, ഉണ്ടായിരുന്നെങ്കിൽ അത് പ്രാർത്ഥനയാലല്ലാതെ മറ്റൊരു വിധത്തിലും സൗഖ്യമാകാത്ത സ്ഥിതിയിലായിരുന്നോ, ഇപ്പോൾ രോഗം പൂർണ്ണമായി സൗഖ്യമായിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഈ രോഗിയെ മുൻപ് ചികിത്സിച്ച ഡോക്ടറോട് ചോദിച്ച് അറിയണം. ഇങ്ങനെ എല്ലാ വിശദാംശങ്ങളും ശേഖരിച്ച് വിധി പറയണം. പ്രാർത്ഥനയാൽ അത്ഭുത രോഗശാന്തി ഉണ്ടായിട്ടുണ്ടെങ്കിൽ അത് ദൈവനാമ മഹത്വത്തിനായി പരസ്യപ്പെടുത്തണം

ദൈവം അത്ഭുതം പ്രവർത്തിക്കുന്നവനാണ്. ദൈവത്താൽ ഉണ്ടാകുന്ന അത്ഭുതങ്ങൾ ദൈവനാമ മഹത്വത്തിനായി പരസ്യപ്പെടുത്തണം. പക്ഷേ, നടക്കാത്ത അത്ഭുതങ്ങൾ നടന്നു എന്ന് ഭോഷ്ക്കു പറഞ്ഞ് ദൈവത്തിന് മഹത്വം ഉണ്ടാക്കിക്കൊടുക്കേണ്ട ആവശ്യമില്ല.



# നിയമം നോക്കിയാൽ ഐ.പി.സി. പൊളിയും

ഐ.പി.സിയിൽ ഈയിടെയുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ മൂലം നിരവധി കേസ്സുകൾ ഉണ്ടായിക്കഴിഞ്ഞു. ഇവയിൽ ചിലത് ക്രിമിനൽ കേസ്സുകളാണ്. അവ ഇന്ത്യൻ പീനൽ കോഡും സി.ആർ.പി.സിയും ഒക്കെ അനുസരിച്ച് നടക്കട്ടെ. കുറ്റവാളികൾ ശിക്ഷിക്കപ്പെടട്ടെ. പക്ഷേ, ഐ.പി.സിയിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുണ്ടായിരിക്കുന്ന സിവിൽ കേസ്സുകൾ ശരിയായി നടത്തിയാൽ ഐ.പി.സി.യുടെ നിലനിൽപ്പുതന്നെ അവതാളത്തിലാകും.

സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഒരു ധർമ്മസ്ഥാപനമാണ് ഐ.പി.സി. സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്ന സംഘങ്ങൾ ഏതൊക്കെ എന്ന് സൊസൈറ്റീസ് ആക്ടിൽ തന്നെ പറയുന്നുണ്ട്. ചാരിറ്റബിൾ സൊസൈറ്റികൾ ഈ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യാം. കൂടാതെ കല, സംസ്ക്കാരം, സാഹിത്യം, ശാസ്ത്രം, പുരാവസ്തു ഗവേഷണം തുടങ്ങിയവയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘങ്ങളും ഈ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യാം. പക്ഷേ, മതസംഘടന രജിസ്റ്റർ ചെയ്യാൻ ഈ ആക്ടിൽ വകുപ്പില്ല. നിയമപരമായ എന്തിനു വേണ്ടിയും ട്രസ്റ്റ് രജിസ്റ്റർ ചെയ്യാം. അതുകൊണ്ട് മതസംഘടന രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നവർ പബ്ലിക്ക് ചാരിറ്റബിൾ ട്രസ്റ്റ് രജിസ്റ്റർ ചെയ്യുകയാണ് വേണ്ടത്. ഈ കാരണത്താൽ ഐ.പി.സിക്ക് ഒരു മതസംഘടന എന്ന നിലയ്ക്കുള്ള നിലനിൽപ്പ് ഇല്ലാതാകും എന്നു ചുരുക്കും.

ചാരിറ്റബിൾ സൊസൈറ്റിക്ക് ആവശ്യമില്ലാത്തതും മതസംഘടനയ്ക്കു മാത്രം ആവശ്യമുള്ളതുമായ നിരവധി കാര്യങ്ങൾ ഐ.പി.സിയുടെ ഭരണഘടനയിൽ ഉണ്ട്. ബൈബിളിൽ വിശ്വസിക്കണം, യേശുക്രിസ്തുവിൽ വിശ്വസിക്കണം, സ്നാനപ്പെടണം എന്നിങ്ങനെയുള്ള ഒരു വിശ്വാസ പ്രമാണവും ചാരിറ്റബിൾ സൊസൈറ്റിക്ക് ആവശ്യമില്ല. അതുകൊണ്ട് അവയ്ക്കൊന്നും നിയമപരമായ പിൻബലമില്ല.

സഭയുമായി ബന്ധപ്പെട്ട് എഴുതിവെച്ചിരിക്കുന്ന ചട്ടങ്ങൾക്കും നിലനിൽപ്പില്ല. സൊസൈറ്റികൾക്ക് ശാഖകൾ ആകാമെങ്കിലും ഐ.പി.സിയുടെ ഭരണഘടനയിലുള്ള ചട്ടങ്ങൾ അടിച്ചേൽപ്പിക്കാനാവില്ല. കാരണം, സൊസൈറ്റീസ് ആക്ടിൽ അതിനുള്ള വകുപ്പില്ല എന്നതുതന്നെ.

ഐ.പി.സിക്കെതിരെ കേസ്സ് കൊടുത്താൽ സഭയിൽ നിന്നും പുറത്താക്കും എന്ന ചട്ടം ഇന്ത്യയിലെ നിയമ വ്യവസ്ഥയെത്തന്നെ വെല്ലു വിളിക്കുന്നതാണ്. ഏത് ഇന്ത്യൻ പൗരനും കോടതിയിലൂടെ നിയമ പരിരക്ഷ ഉറപ്പാക്കാനുള്ള അവകാശമുണ്ട്. അത് നിഷേധിക്കാൻ ഒരു ചാരിറ്റബിൾ സൊസൈറ്റിക്ക് അധികാരമില്ല. കേസ്സ് കൊടുത്തു എന്ന കാരണം പറഞ്ഞ് ജോസഫ് ഏബ്രഹാമിനേയോ കൊറ്റനാട്ടെ പാസ്റ്ററേയോ പുറത്താക്കാനാവില്ല.

ചാരിറ്റബിൾ സൊസൈറ്റികളുടെ ഭാരവാഹികളെ ആണ്ടുതോറും തെരഞ്ഞെടുക്കണം എന്നാണ് ചട്ടം. പക്ഷേ, ഐ.പി.സിയിൽ മൂന്നു വർഷത്തിൽ ഒരിക്കലാണ് തെരഞ്ഞെടുപ്പ്. ഇതും നിയമവിരുദ്ധമാണ്. ഇതിനിതിരെ ഏതെങ്കിലും ഐ.പി.സി. അംഗം കേസ്സ് കൊടുത്താൽ സംഗതി കുഴയും.

ഐ.പി.സി. നടത്തുന്ന വിവാഹങ്ങൾക്കും നിയമസാധുതയില്ല. ബിഷപ്പുമാർ നിയമിച്ച പുരോഹിതൻ, സർക്കാർ നിയമിച്ച ക്രിസ്ത്യൻ വിവാഹ രജിസ്ട്രാർ എന്നിവർക്കു മാത്രമേ ക്രിസ്ത്യൻ വിവാഹം നടത്താൻ അധികാരമുള്ളൂ. ഐ.പി.സിയിലെ നേതാക്കൻമാരും ഉപദേശിമാരും നടത്തുന്ന വിവാഹം തട്ടിപ്പാണ്. ഈ വിധത്തിൽ വിവാഹം കഴിച്ചവരുടെ വിവാഹം തുടക്കം മുതൽ നിയമപരിരക്ഷ ഇല്ലാത്തതും ശൂന്യവുമാണ്. വിവാഹമേ നടന്നിട്ടില്ല എന്നു ചുരുക്കം. അതുകൊണ്ട് നിയമവിരുദ്ധമായി വിവാഹങ്ങൾ നടത്തി ജനവഞ്ചന നടത്തുന്നതിന് ഐ.പി.സിക്കും നേതാക്കൻമാർക്കും എതിരേ നിയമനടപടി സ്വീകരിക്കാവുന്നതാണ്.

പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്: ഐ.പി.സി. എന്ന സംഘടനയ്ക്ക് ചാരിറ്റബിൾ സൊസൈറ്റി എന്ന നിലയ്ക്കുള്ള നിലനിൽപ്പുണ്ട്. അതിൽ അധികമായുള്ള നിയമങ്ങളും ചട്ടങ്ങളും റദ്ദാക്കപ്പെടാവുന്നതാണ്. അങ്ങനെ സംഭവിച്ചാൽ ഐ.പി.സിക്ക് ഒരു മതസംഘടന എന്ന നിലയിലുള്ള നിലനിൽപ്പ് ഇല്ലാതാകും.

ഇത്രയും പറഞ്ഞപ്പോൾ ചിലർക്കെങ്കിലും ഒരു സംശയമുണ്ടാകും: ഐ.പി.സിക്ക് മാത്രമേ ഇത്തരം പ്രശ്നങ്ങളുണ്ടാകൂ എന്ന് പറയുന്നതെങ്ങനെ? മറ്റു പെന്തക്കോസ്ത് സംഘടനകളും സൊസൈറ്റീസ് ആക്ട് അനുസരിച്ചല്ലേ രജിസ്റ്റർ ചെയ്തിരിക്കുന്നത്. അവയ്ക്കും ഈ പറഞ്ഞതൊക്കെ ബാധകമല്ലേ? തീർച്ചയായും ബാധകമാണ്. ഐ.പി.സിയേക്കുറിച്ച് പറഞ്ഞു വന്നതുകൊണ്ട് ഐ.പി.സിയുടെ കാര്യം മാത്രം പറഞ്ഞുവെന്നേയുള്ളൂ. മറ്റു സംഘടനകൾക്കും ഈ പറഞ്ഞതെല്ലാം ബാധകമാണ്.

# പെന്തക്കോസ്ത് പത്രങ്ങൾ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിനെ കബളിപ്പിച്ചു

പെന്തക്കോസ്ത് പത്രങ്ങൾ ഈയിടെ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിനെ സുന്ദരമായി കബളിപ്പിച്ചു. ഈ വകയിൽ ഡിപ്പാർട്ട്മെന്റിന് ഉണ്ടായ നഷ്ടം ഏകദേശം അരലക്ഷം രൂപ.

ഭൂരിപക്ഷം പെന്തക്കോസ്ത് പത്രങ്ങളും ശതാബ്ദി സമ്മേളനത്തെ അനുകൂലിക്കുന്നു. പാരവാഹികളുടെ നേതൃസ്ഥാനത്തുതന്നെ ഇവർ നിലയുറപ്പിച്ചിട്ടുമുണ്ട്. ഇങ്ങനെയൊക്കെ ചെയ്യാനുള്ള അവകാശം അവർക്കുണ്ട്. ഈ സമ്മേളനം കൊണ്ട് ഏറ്റവും അധികം ലാഭമുണ്ടാക്കുന്നത് അവരാണല്ലോ.

സമ്മേളനത്തിന്റെ പ്രചരണത്തിന് ഈ പത്രങ്ങളെല്ലാം സപ്ലിമെന്റിറക്കി. സൗജന്യമല്ല, ശരിക്ക് പരസ്യക്കൂലി വാങ്ങിയിട്ടാണ് സപ്ലിമെന്റിറക്കിയത്. പരസ്യക്കൂലി വാങ്ങുന്നത് തെറ്റാണെന്നും പറയാനാവില്ല. പിന്നെ എവിടെയാണ് തെറ്റുപറ്റിയത്?

സപ്ലിമെന്റ് കളറിലാകട്ടെ എന്ന് ചില പത്രങ്ങൾ തീരുമാനിച്ചു. പത്രമേതായാലും എല്ലാ സപ്ലിമെന്റിലും ഒരേ കാര്യമാണുള്ളത്. അതുകൊണ്ട് ഒന്നിച്ച് അടിച്ചാൽ അച്ചടിക്കൂലി കുറയും. അങ്ങനെ അവർ സംയുക്തമായി സപ്ലിമെന്റടിച്ചു. ടാബ്ലോയിഡ് സൈസിൽ എട്ടു പേജ്. പല പത്രങ്ങൾക്കുവേണ്ടി ഒന്നിച്ച് അടിച്ചതുകൊണ്ട് സപ്ലിമെന്റിൽ ഒരു പത്രത്തിന്റേയും പേരില്ല. പത്രങ്ങൾ വ്യത്യസ്ത തീയതികളിലാണ് പ്രസിദ്ധീകരിക്കുന്നത്. അതുകൊണ്ട് ആണ്ടും മാസവും തീയതിയും ഒന്നുമില്ലാതെയാണ് സപ്ലിമെന്റ് അടിച്ചത്. ഈ സപ്ലിമെന്റ് പത്രത്തിൽ വെച്ച് അയയ്ക്കുകയും ചെയ്തു. ശുഭം.

പക്ഷേ സംഗതി അത്ര ശുഭമാകുമെന്ന് പറയാനാവില്ല. കാരണം ഇവർ നടത്തിയിരിക്കുന്നത് നിയമലംഘനമാണെന്നതുതന്നെ. സപ്ലിമെന്റുകൾ ഇറക്കുന്നത് നിയമലംഘനമല്ല. പക്ഷേ, പത്രത്തിന്റെ പേര്, ആണ്ട്-മാസം-തീയതി, പേജ് നമ്പർ എന്നിവ സപ്ലിമെന്റിൽ ഉണ്ടായിരിക്കണം. ഇതൊന്നുമില്ലാതെ ഇറക്കിയ സപ്ലിമെന്റ് 25 പൈസയുടെ സ്റ്റാമ്പ് ഒട്ടിച്ച് സൗജന്യ നിരക്കിൽ അയച്ചത് നിയമലംഘനമാണ്. രണ്ടു രൂപയുടെ സ്റ്റാമ്പാണ് ഉപയോഗിക്കേണ്ടിയിരുന്നത്. ഈ വകയിൽ അരലക്ഷത്തോളം രൂപ ഈ പത്രങ്ങൾ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിനെ കബളിപ്പിച്ചിരിക്കയാണ്. പത്രങ്ങളുടെ പോസ്റ്റൽ രജിസ്ട്രേഷൻ റദ്ദു ചെയ്യാൻ മതിയായ കുറ്റമാണ് ചെയ്തിരിക്കുന്നത്.

നിയമം അറിഞ്ഞുകൂടാത്തതുകൊണ്ട് അബദ്ധം പറ്റിയതാണോ അതോ മന:പൂർവ്വം പോസ്റ്റൽ ഡിപ്പാർട്ട്മെന്റിനെ കബളിപ്പിച്ചതാണോ എന്ന് വ്യക്തമല്ല. രണ്ടിലേതായാലും കുറ്റത്തിന്റെ ഗൗരവം മാറുന്നില്ല. വ്യക്തമായ നിയമങ്ങളുടേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിലാണ് പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് പത്രങ്ങൾക്ക് സൗജന്യ നിരക്ക് അനുവദിക്കുന്നത്. ആ വ്യവസ്ഥകൾ ലംഘിച്ചാൽ സൗജന്യം നഷ്ടമാകും. അതുകൊണ്ട് എല്ലാ പത്രക്കാരും നിയമങ്ങൾ അറിഞ്ഞിരിക്കുന്നത് നന്ന്.

# പത്രങ്ങൾക്കു കുശാൽ

പെന്തക്കോസ്ത് ശതാബ്ദികൊണ്ട് മഹത്വം കിട്ടുന്നത് ദൈവത്തിനായാലും ചെകുത്താനായാലും ലാഭമുണ്ടാകുന്നത് പെന്തക്കോസ്ത് പത്രങ്ങൾക്കാണ്. കഴിഞ്ഞ ചില മാസങ്ങളായി ശരിക്കും കൊയ്ത്താണ്.

രജിസ്ട്രേഷൻ ഫോം ഉൾപ്പെടെയുള്ള പരസ്യങ്ങൾ പലവട്ടം പ്രസിദ്ധീകരിച്ചു. ഈ വകയിൽ നല്ലൊരു തുക കിട്ടി. അതു കഴിഞ്ഞപ്പോൾ സപ്ലിമെന്റ് ആയി. അതും പഞ്ചവർണ്ണത്തിൽ ഇറക്കി. ആ വകയിലും കിട്ടി നല്ലൊരു തുക. പക്ഷേ, ഇവിടെകൊണ്ടും തീരുന്നില്ല.

സമ്മേളനസ്ഥലത്ത് സ്റ്റാളുകൾ ഇട്ട് വരിസംഖ്യ പിരിക്കും. മോശമല്ലാത്ത തുക ആ ഇനിത്തിലും ലഭിക്കും. ഓരോ ദിവസവും സ്പെഷ്യൽ സപ്ലിമെന്റിറക്കിയാൽ പരസ്യം വകയിൽ വൻതുക കിട്ടും. അടുത്ത ഒരു വർഷം മുഴുവൻ പത്രമിറക്കാനുള്ള വഹ ഈ സമ്മേളനം കൊണ്ട് സ്വരൂപിക്കാം. പെന്തക്കോസ്ത് പത്രങ്ങളുടെ അധിപൻമാർ ശതാബ്ദിയെന്നും സമ്മേളനമെന്നും നൂറെന്നും മുക്തിയെന്നും പ്രധാനമന്ത്രിയെന്നും ഒക്കെ പുലമ്പിക്കൊണ്ട് ഓടിനടന്നതിന്റെ ഗുട്ടൻസ് ഇപ്പോഴാണ് പിടികിട്ടിയത്.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3022356
മൊബൈൽ: 94474 14608

# നാഗാലാന്റ് സ്മരണകൾ

8-ാം സ്റ്റാന്റേർഡുവരെയുള്ള ക്ലാസ്സുകൾ നടത്താൻ അന്ന് ആ സ്കൂളിന് അനുവാദമുണ്ടായിരുന്നു. (ഇന്ന് അത് ഒരു ഹൈസ്കൂളാണ്). പ്രീഡിഗ്രി, ഡിഗ്രി തുടങ്ങിയ ക്ലാസുകളിൽ മാത്രം കേരളത്തിൽ പഠിപ്പിച്ചിരുന്ന ഞാൻ നാഗാലാന്റിലെത്തിയപ്പോൾ പഠിപ്പിക്കാൻ കിട്ടിയ ക്ലാസുകളെക്കുറിച്ചറിയുക രസാവഹമായിരിക്കും. I-A എന്ന മഹത്തായ ക്ലാസിലെ ക്ലാസ് ടീച്ചർ; I-A,B എന്നിവിടങ്ങളിലായി ദിവസവും നാലു ക്ലാസുകൾ. കൂടാതെ II, III, IV എന്നിവിടങ്ങളിൽ വല്ലപ്പോഴും ക്ലാസ്. ദോഷം പറയരുതല്ലോ. എട്ടാം ക്ലാസിലും കിട്ടി എനിക്ക് ആഴ്ചയിൽ രണ്ടു ക്ലാസ്.



രാവിലെ ഞാൻ ക്ലാസിലെത്തും. ഒരു വക പാട്ടുപോലെ ഒരു 'ഗുഡ് മോണിംഗ്'കുട്ടികൾ തരും. തുടർന്ന് അല്പസമയം പ്രാർത്ഥനയാണ്. മൂന്നോ നാലോ ഇംഗ്ലീഷ് പാട്ടുകൾ അവർ പാടും. അതു കഴിഞ്ഞ് ഒരു പ്രാർത്ഥനാഗാനവും ചൊല്ലി പ്രാർത്ഥന അവസാനിപ്പിക്കും. അടുത്തതായി ഞാൻ ഹാജർ വിളിക്കും. കുട്ടികൾ "ഏസ് സാർ" പറയും.

സ്വകാര്യ മാനേജ്മെന്റിലുള്ള സ്കൂളുകളിലെല്ലാം നേഴ്സറി മുതൽ തന്നെ ഇംഗ്ലീഷിലാണ് അദ്ധ്യായനം. ആകയാൽ ഞാൻ ഇംഗ്ലീഷിൽ ക്ലാസ്സെടുക്കും. ഇത് ഉച്ചകഴിഞ്ഞ് ഒരു മണിവരെ തുടരും. എനിക്ക് നാഗാമീസ് അറിഞ്ഞുകൂടാ എന്ന് കുട്ടികൾക്കറിയാവുന്നതിനാൽ അവരും ഇംഗ്ലീഷിലാണ് എന്നോട് സംസാരിക്കുക. ബോർഡിൽ പാഠങ്ങൾ എഴുതിക്കൊടുത്തിട്ട് അവരോട് എഴുതുവാൻ പറയും. അല്പം കഴിഞ്ഞ് ഞാൻ ചോദിക്കും:

"Finished?'

"No finish"

അവർ മറുപടി പറയും. എഴുതിത്തീരുന്ന മുറയ്ക്ക് ഓരോരുത്തരായി എന്നോട് "Sir, finish" എന്നുപറഞ്ഞു കൊണ്ടിരിക്കും. അങ്ങനെ അദ്ധ്യായനം മുന്നോട്ടുപോകും. ആകെക്കൂടി രസകരമാണ് എന്നുതന്നെ പറയാം.

ക്ലാസ് കഴിഞ്ഞ് വീട്ടിൽ ചെന്നാലുടൻ ഭക്ഷണം ചൂടാക്കിക്കഴിക്കും. സജിയോടൊത്താണ് താമസം. വൈകിട്ട് സജി ഓഫീസിൽ നിന്നും വന്നശേഷം ടൗൺ വരെയൊന്നിറങ്ങും. ഒരു മലയാളിയുടെ വകയായുള്ള സോണി മെഡിക്കൽസിലെത്തും. എല്ലാവരേയും ഒന്നു കണ്ടിട്ട് സന്ധ്യായാകുന്നതിനു മുൻപ് വീട്ടിൽ എത്തിച്ചേരും.

വൈകിട്ട് മൂന്നുമണിക്കുശേഷം പുറത്തിറങ്ങി നടക്കുന്നത് അത്ര നല്ലതല്ല. മദ്യപിക്കാൻ പണമില്ലാത്ത നടക്കുന്നവരുടെ കൈയ്യിലകപ്പെടാനുള്ള സാദ്ധ്യത വളരെക്കൂടുതലാണ്. ഇങ്ങനെയുള്ളവരുടെ പിടിയിലായാൽ ദ്രവ്യനാശവും മാനഹാനിയും മാത്രമല്ല ഫലം, നല്ല തല്ലുംകിട്ടും. അതുകൊണ്ട് മിക്കവരും സൂര്യാസ്തമനത്തിനു മുൻപായി കടകളും അടയ്ക്കും. അടച്ചില്ലെങ്കിൽ പിറ്റേദിവസം തുറക്കേണ്ടി വരികയില്ല.

രാവിലെയും ഉച്ചയ്ക്കും ചോറും കറിയുമാണു കഴിക്കുക. വൈകിട്ട് ഞങ്ങൾ ചപ്പാത്തിയുണ്ടാക്കും. കേരളത്തിലായിരുന്ന കാലത്ത് അടുക്കളയിലെ സംഭവവികാസങ്ങളുമായി നേരിട്ടു ബന്ധപ്പെട്ടിട്ടില്ലാതിരുന്നതിനാൽ നാഗാലാന്റിലെ ആദ്യദിവസങ്ങൾ ബുദ്ധിമുട്ടുള്ളതായിരുന്നു. സജി പാചകകാര്യത്തിൽ ഒരു വിദഗ്ദ്ധൻ തന്നെയായിരുന്നതിനാൽ ഏറെ കഷ്ടപ്പെടേണ്ടി വന്നില്ല. പാചകകാര്യത്തിൽ സജിയാണെന്റെ ആശാൻ. കഞ്ഞിവയ്ക്കാനും കറിയുണ്ടാക്കാനും സജിയെന്നെ പഠിപ്പിച്ചു. പാൽപ്പൊടിയിട്ട് നല്ല ചായയെടുക്കാനും പഠിച്ചു. (കന്നുകാലികളെ വളർത്തുന്നതിൽ നാഗൻമാർക്ക് താല്പര്യമില്ല. അതുകൊണ്ട് നാഗാലാന്റിൽ പാൽ ദുർലഭമാണ്). ആദ്യനാളുകളിൽ ഞാൻ ചപ്പാത്തിപ്പലകയിൽ, ലോകത്തിലുള്ളതും ഇല്ലാത്തതുമായി സകല രാജ്യങ്ങളുടേയും രൂപത്തിലുള്ള ചപ്പാത്തികൾ പരത്തി. എന്നാൽ ക്രമേണ അവയ്ക്കു രൂപഗുണമുണ്ടായി. ഒടുവിൽ ശരിവൃത്തവുമായി.

സജിയോടൊപ്പം കഴിഞ്ഞ ആദ്യനാളുകൾ വളരെ സന്തോഷകരമായിരുന്നു. വീടുവിട്ട് താമസിച്ചു പരിചയമില്ലാതിരുന്ന എനിക്ക് സജി എല്ലാവിധ സഹായങ്ങളും ചെയ്തുതന്നു. ആഴ്ചയിലൊരിക്കൽ മോഹൻ വന്ന് സ്നേഹാന്വേഷണം നടത്തുക പതിവായിരുന്നു. കൂടാതെ എന്റെ സഹപ്രവർത്തകരും എനിക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊണ്ടിരുന്നു.

ഏകദേശം നൂറ്റമ്പത് കൊല്ലം മുൻപുവരെ തികച്ചും കിരാതന്മാരായി കഴിഞ്ഞു വരികയായിരുന്നു നാഗന്മാർ. എന്നാൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും ക്രിസ്ത്യൻ മിഷണറിമാർ അവിടെയെത്തി. അത് നാഗാലാന്റിന്റെ ചരിത്രത്തിലെ ഒരു നാഴികക്കലായിരുന്നു. ഈ വിഷയത്തിന്റെ ആഴത്തിലേക്ക് ഇറങ്ങുന്നതിനു മുൻപായി മറ്റു ചിലതു പറയേണ്ടതുണ്ട്.

നാഗാലാന്റ് എന്ന സംസ്ഥാനത്തിൽ ഉൾപ്പെട്ടപ്രദേശത്തു മാത്രമല്ല നാഗന്മാർ ഉള്ളത്. മണിപ്പൂർ, ആസാമിലെയും അരുണാചലിലേയും ചില പ്രദേശങ്ങൾ, ബർമ്മ എന്നിവിടങ്ങളിലായി ഇവർ ചിതറിപ്പാർക്കുന്നു. നാഗൻമാർ പലഗോത്രങ്ങളായി വിഭജിക്കപ്പെട്ടിരിക്കയാണ്. ഓരോ ഗോത്രത്തിനും അവരുടേതായ ഭാഷ, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവയുണ്ട്. ഉദാഹരണമായി സോമാ നാഗന്മാരുടെ ഭാഷ സേമാഭാഷയാണ്. ലോത്താവർഗ്ഗക്കാരുടേത് ലോത്താ. എന്നാൽ ചില ഗോത്രങ്ങൾക്കു ഒന്നിലേറെ ഭാഷയുണ്ട്. കൊൻയാക് ഗോത്രക്കാർക്ക് അനേകം ഭാഷകളാണുള്ളത്. അവർക്ക് ഒരോ ഗ്രാമത്തിലും ഓരോ ഭാഷ ഉണ്ടെന്നുതന്നെ പറയാം. ചുരുക്കത്തിൽ, ഭാഷയെ സംബന്ധിച്ചിടത്തോളം നാഗാലാന്റ് ഒരു 'ബാബേൽ' തന്നെയാണ്.

വിദ്യാഭ്യാസത്തിന്റെ മീഡിയം ഇംഗ്ലീഷായതിനാൽ അല്പം വിദ്യാഭ്യാസമുള്ളവർക്കെല്ലാം ഇംഗ്ലീഷറിയാം. 'നാഗാ ഇംഗ്ലീഷ്' എന്ന ഒരു പ്രയോഗം തന്നെ നാഗാലാന്റിൽ നിലവിലുണ്ട്. വ്യാകരണനിയമങ്ങൾക്കു വഴങ്ങാത്ത ഒരു ഇംഗ്ലീഷാണത്. ചില ഉദാഹരണങ്ങൾ കൊണ്ടിതു വ്യക്തമാക്കാം.

ഞാൻ ഒരു വീട്ടിൽ ട്യൂഷനെടുക്കാനായി പോകുക പതിവായിരുന്നു. സന്ധ്യക്കു മുൻപ് മടങ്ങിവരുവാൻ സാധിക്കുന്ന വിധത്തിലായിരുന്നു സമയക്രമീകരണം. ഒരു ദിവസം കൃത്യസമയത്ത് മടങ്ങുവാൻ സാധിച്ചില്ല. അതുകൊണ്ട് ട്യൂ

(പേജ് 7 .......)




നിങ്ങൾക്കും ഒരു വെബ്സൈറ്റ്
വെറും 1500 രൂപയ്ക്ക്
No Hidden Costs
വിളിക്കൂ: 94474 14608

# നാഗാലാന്റ് സ്മരണകൾ ..........

ഷൻ തീരാറായപ്പോഴേക്കും നന്നായി ഇരുട്ടിക്കഴിഞ്ഞിരുന്നു. പഠനത്തിൽ മുഴുകിയിരുന്ന കുട്ടികൾ സന്ധ്യയായ വിവരം ശ്രദ്ധിച്ചില്ല. എന്നാൽ അവരിൽ ഇളയവൻ (6 വയസ്സ്) ഏതോ കാരണത്താൽ പുറത്തേയ്ക്കു നോക്കിയപ്പോഴാണ് ഇരുട്ടിക്കഴിഞ്ഞു എന്ന സത്യം മനസ്സിലാക്കിയത്. ഉടൻ തന്നെ അവൻ എന്നോടു പറഞ്ഞു.

"Sir, see, very, evening"

ഇതാണ് നാഗാ ഇംഗ്ലീഷ്.

ഒരു ദിവസം മേല്പടി വിദ്യാർത്ഥിയുടെ ക്ലാസ്ടീച്ചർ എത്തിയില്ല. ഹെഡ്മാസ്റ്ററാണ് ഹാജർ വിളിച്ചത്. ഈ വിഷയം അവൻ എന്നോടുപറഞ്ഞു.

"Sir, today, class teacher no present. Headmaster Present".

ഇവൻ കൊച്ചുകുട്ടിയായതുകൊണ്ട് ഇങ്ങനെ പറഞ്ഞുപോയതാണെന്നു ധരിക്കേണ്ട. സാധാരണക്കാരുടെയെല്ലാം ഇംഗ്ലീഷ് ഇതുതന്നെ.

ഒരിക്കൽ രണ്ട് അയൽവാസികൾ തമ്മിൽ വഴക്കുണ്ടായി. സ്വന്തം ഭാഷയിൽ ചീത്ത വിളിച്ചിട്ടും തൃപ്തിവരാതെ അവരിലൊരുവൻ ഇംഗ്ലീഷിലേക്കു കടന്നു.

"Who are you"

ഏതോ ഒരു ഭയങ്കര ചീത്ത വിളിക്കുന്ന ഗൗരവത്തിൽ അയാൾ ചോദിച്ചു.

"I am a man"

അപരൻ അതിൽ കൂടിയ ഒരു ചീത്തപോലെ മറുപടിയും കൊടുത്തു.

വഴക്കെല്ലാം അവസാനിപ്പിച്ച് മടങ്ങിപ്പോകും വഴിക്ക് രണ്ടാമൻ കൂട്ടുകാരോടു പറഞ്ഞു. ''എനിക്ക് കുറച്ച് ഇംഗ്ലീഷുകൂടി അറിയാമായിരുന്നു. പക്ഷെ വേണ്ടെന്നു വച്ചതാണ്.''

കുഗ്രാമങ്ങളിൽ താമസിക്കുന്ന ചുരുക്കം ആളുകൾക്കൊഴികെയെല്ലാവർക്കും അറിയാവുന്ന ഒരു പൊതുഭാഷയുണ്ട് നാഗാലാന്റിൽ. നാഗാമീസ് എന്നു വിളിക്കപ്പെടുന്ന ഈ ഭാഷ ആസാമീസ്, ഹിന്ദി, നേപ്പാളി തുടങ്ങിയ പല ഭാഷകളുടെ ഒരു സങ്കരമാണ്. സംസാരഭാഷയായി പൊതുവെ ഉപയോഗിക്കപ്പെടുന്നത് ഇതാണ്. പഠിക്കുവാൻ വളരെയെളുപ്പം. എണ്ണം ഹിന്ദിയിലേതുതന്നെ. സാധനങ്ങളുടെ പേരുകളും ഹിന്ദിതന്നെ. ചുരുക്കം ചില വാക്കുകൾക്കുമാത്രമേ മാറ്റമുള്ളു. വാഴപ്പഴത്തിന് 'കേലാ' എന്നല്ല 'കോൽ' എന്നു പറയണം. 'കേലാ' എന്നത് നാഗാമീസിൽ ചീത്ത വാക്കാണ്.

നാഗമീസുൾപ്പെടെ ഒരു ഭാഷക്കും ലിപിയില്ല. എഴുതേണ്ട ആവശ്യം വന്നാൽ ഇംഗ്ലീഷ് അക്ഷരം ഉപയോഗിച്ചെഴുതും. ഔദ്യോഗികഭാഷ ഇംഗ്ലീഷായതിനാൽ മറ്റുഭാഷകളിൽ എഴുതേണ്ട ആവശ്യം ഏറെ ഉണ്ടാകാറില്ല.



ആദ്യമായി ക്രിസ്തുമതം സ്വീകരിച്ച ഗോത്രം ആവോ (Ao) ആണ്. എല്ലാ രംഗത്തും ഉയർന്നുനില്ക്കുന്ന ഗോത്രവും അതുതന്നെ. അന്ന് മുഖ്യമന്ത്രിയായിരുന്ന എസ്.സി.ജാമീർ (ഇപ്പോഴത്തെ ഗോവാ ഗവർണ്ണർ) ആവോ ഗോത്രക്കാരനാണ്. സേമാ, ലോത്താ, അൻഗാമി തുടങ്ങിയവയും മറ്റുള്ളവരേക്കാൾ മുൻപന്തിയാണ്. സങ്തം, പോം, കൊൻയാക് തുടങ്ങിയ ഗോത്രങ്ങൾ വളരെ പിന്നോക്കസ്ഥിതിയിലാണ്.

തലവെട്ടുകയായിരുന്നു നാഗന്റെ പ്രധാന വിനോദം. തലയെന്നാൽ മനുഷ്യന്റെ തല തന്നെ. നാം കാട്ടുപോത്തിന്റേയും, കലമാനിന്റേയും മറ്റും തല ഭിത്തിയിൽ തറച്ചു വച്ച് നമ്മുടെ വീരശൂരപരാക്രമങ്ങൾ മറ്റുള്ളവരെ കാണിച്ച് മിടുക്കന്മാരാകാറുണ്ടല്ലോ. അതുപോലെ മറ്റു ഗ്രമങ്ങളിൽ നിന്നും വെട്ടിക്കൊണ്ടുവന്ന മനുഷ്യശിരസ്സ് വീട്ടിൽ തൂക്കിയിട്ട് അവർ വീരന്മാരായി വിലസിവന്നു. ഏറ്റവും കൂടുതൽ തലവെട്ടിയവൻ ഏറ്റവും വലിയ വീരൻ. ഈ തലവെട്ടു വ്യവസായം നിമിത്തം ഗ്രാമങ്ങൾ തമ്മിൽ നിരന്തര ശത്രുത നിലനിന്നിരുന്നു മുൻകാലങ്ങളിൽ.

ശത്രുക്കളിൽ നിന്നുള്ള ആക്രമണം എപ്പോഴാണുണ്ടാകുക എന്ന് പ്രവചിക്കുക പ്രയാസം. അതുകൊണ്ട് അവർ സദാ ജാഗ്രത പുലർത്തിപ്പോന്നു. കുന്തം, വെട്ടുകത്തി തുടങ്ങിയവ എപ്പോഴും കരുതിയിരുന്നു. മാത്രമല്ല, ഗ്രാമങ്ങളെല്ലാം മലമുകളിലാണ് സ്ഥാപിച്ചിരുന്നത്. വെള്ളം കിട്ടാൻ ബുദ്ധിമുട്ടുണ്ടാകുമെങ്കിലും ജീവരക്ഷക്ക് ഇതാവശ്യമായിരുന്നു.

സുവിശേഷം കടന്നു വന്നതോടെ തലവെട്ടൽ കുറഞ്ഞു. ക്രമേണ അത് ഉപേക്ഷിക്കപ്പെട്ടു. നാഗന്മാർ പുതിയൊരു ലോകത്തിലേക്ക് കടന്നു. അവർ വിദ്യാഭ്യാസം ചെയ്യാൻ തുടങ്ങി. സാക്ഷരതയിൽ ഇന്ന് അവർ മുൻപന്തിയിലാണ്.

ബാപ്റ്റിസ്റ്റ് മിഷണറിമാരാണ് ആദ്യമായി നാഗാലാന്റിലെത്തിയത്. അതുകൊണ്ട് നാഗന്മാരിൽ നല്ലൊരു പങ്ക് ബാപ്റ്റിസ്റ്റുകാരാണ്. അസംബ്ലീസ് ഓഫ് ഗോഡിനോടൊപ്പവും കുറച്ചുപേരുണ്ട്. അവിടവിടെയായി കുറെ കത്തോലിക്കാ വിശ്വാസികളേയും കാണാം. ഇവരിൽ നിന്നെല്ലാം വേർപെട്ട കുറച്ച് ഉണർവുകാരുമുണ്ട്. ഏതെങ്കിലും ഒരു ക്രിസ്തീയ സഭയിലെ അംഗമല്ലാത്തവർ ചുരുക്കമാണ്.

അനേക ദശകങ്ങൾക്കു മുൻപുതന്നെ നാഗന്മാർ ഒരു തീരുമാനമെടുത്തു. "Nagaland For Christ" നാഗാലാന്റ് ക്രിസ്തുവിന്. അവർ ഇന്നും അതിൽ ഉറച്ചുനില്ക്കുന്നു. മറ്റൊരു മതത്തിന് നാഗാന്മാരുടെയിടയിൽ സ്ഥാനമില്ല. ബൈബിൾ വളരെയധികം ബഹുമാനിക്കപ്പെടുന്നു. ബൈബിളുമായി പോകുന്നവനെ അവർ ഉപദ്രവിക്കാറില്ല. സുവിശേഷകർക്ക് എല്ലാവിധ സഹായവും ചെയ്തുകൊടുക്കും.

പ്രധാനപ്പെട്ട എല്ലാ ഗോത്രഭാഷകളിലേക്കും ബൈബിൾ വിവർത്തനം ചെയ്യപ്പെട്ടു കഴിഞ്ഞു. ബൈബിൾ മാത്രമല്ല, ക്രിസ്തീയ ഗാനങ്ങളും അവർ വിവർത്തനം ചെയ്തിട്ടുണ്ട്, ഇന്ത്യയിലെ മിക്ക ഇംഗ്ലീഷ് മീഡിയം ബൈബിൾ കോളേജുകളിലും നാഗന്മാരായ വിദ്യാർത്ഥികളെ കാണാം. കാര്യങ്ങളിങ്ങനെയൊക്കെയാണെങ്കിലും പ്രവൃത്തികൊണ്ട് മിക്കവരും ക്രിസ്ത്യാനികളല്ല എന്ന ദു:ഖസത്യം എടുത്തുപറയേണ്ടതു തന്നെ. തുടർന്നുള്ള ചില ലക്കങ്ങങ്ങളിൽ ഈ വിഷയം വിശദീകരിക്കുന്നതാണ്.

# കടമ്പനാട് അടിപീസിയിൽ കൈവെയ്പ്പ് നടന്നു

കടമ്പനാട് ഐ.പി.സിയിൽ കൈവെയ്പ്പ് ശുശ്രൂഷ നടന്നു. സഭാശുശ്രൂഷകനായ കെ.രാജന്റെ മകൻ ഫിന്നിയാണ് കൈവെയ്പ് നടത്തിയത്. വയോധികനായ ബേബി ചാക്കോ (65) കൈവെയ്പ്പിന്റെ ഭാര്യം താങ്ങാനാവാതെ വീണുപോയി. അദ്ദേഹത്തിന്റെ ഭാര്യക്കും കിട്ടി പാസ്റ്റർ സുതന്റെ വക സമ്മാനം. നവംബർ 20ന് സഭായോഗം കഴിഞ്ഞാണ് ശുശ്രൂഷ നടന്നത്. മറുഭാഷ പറഞ്ഞ് റോഡിൽ എത്തിയ ശേഷമാണ് പുത്രൻ കൈവെച്ചത്. അതുകൊണ്ട് മാലോകർ അതു കണ്ടു. ഇതൊരു ആത്മീയ ശുശ്രൂഷയാണെന്ന് മനസ്സിലാക്കാനുള്ള വിവരം നാട്ടുകാർക്കില്ലാതിരുന്നതുകൊണ്ട് എന്തോ വഴക്കാണെന്ന് ജനം തെറ്റിദ്ധരിച്ചു. എങ്കിലും സഭാവിശ്വാസികൾക്കോ പാസ്റ്റർക്കോ പുത്രനോ നാണക്കേടൊന്നുമുണ്ടായില്ല എന്ന വസ്തുത വിശേഷിച്ച് പറയേണ്ടതുണ്ട്. (ഉള്ള വസ്തുവിനല്ലേ കേടുവരൂ). വേനൽക്കാലത്തെ ചൂടിൽ നിന്ന് രക്ഷനേടാൻ ഈ ആലിന്റെ തണൽ ഉപകരിക്കുമല്ലോ എന്ന ആശ്വാസത്തിലാണ് പാസ്റ്റർ കെ.രാജൻ.



RNI No. 68089 / 97
2005 December 1

THE DEFENDER

REGISTERED
KL/CR/ALY/221/2003-05

# ഊമക്കത്തുവീരൻ വീണ്ടും ഉഷാർ

മാനസിക രോഗങ്ങൾ പലവിധത്തിലുണ്ട്. ഭ്രാന്ത് എന്ന് നാം വിളിക്കുന്ന ഗുരുതരമായ മാനസിക രോഗങ്ങൾ മുതൽ ആരും ശ്രദ്ധിക്കാതെ പോകുന്ന ലഘു മാനസിക രോഗങ്ങൾ വരെയുള്ളവയുണ്ട്. ക്ലെപ്ടോമാനിയാക്കിന് മോഷ്ടിക്കാതെ ജീവിക്കാൻ പറ്റില്ല. നിംഫോമാനിയാക്കിന് ലൈംഗികാതിക്രമങ്ങൾ തെറ്റായി തോന്നുകയില്ല. സുരേഷ് ബാബുവിനേപ്പോലുള്ള മിത്തോമാനിയാക്കുകൾക്ക് കള്ളം പറയാതിരിക്കുന്നതിനേക്കുറിച്ച് ചിന്തിക്കാൻ പോലും പറ്റില്ല. ഊമക്കത്തെഴുതുന്നത് തൊഴിലാക്കിയവരും ഇതുപോലൊരു മാനസിക രോഗത്തിന്റെ പിടിയിലാണ്. ആർക്കെങ്കിലും ഊമക്കത്തയച്ചില്ലെങ്കിൽ അവർക്ക് ഉറക്കം വരില്ല.

കുപ്രസിദ്ധ പെൺകോന്തനായ മേഴ്സി ബാബുവിന്റെ അളിയൻ ഈ തരത്തിലുള്ള ഒരു ഊമക്കത്തുവീരനാണ്. ഒരുവക മാനസിക രോഗി. മേല്പടിയാന്റെ ചുറ്റുവട്ടത്തുള്ള നിരവധി ആളുകൾക്ക് ഈ മാന്യദേഹത്തിന്റെ ഊമക്കത്തുകൾ ലഭിച്ചിട്ടുണ്ട്.

എന്തിനാണ് ഈ ചങ്ങാതി ഇങ്ങനെ ഊമക്കത്തയക്കുന്നത്? അതിന് വിശേഷിച്ച് ഒരു കാരണം കൂടിയേ കഴിയൂ എന്നില്ല. ഇദ്ദേഹത്തിന് ആരോടെങ്കിലും വിരോധം തോന്നിയാൽ ഉടൻ ഊമക്കത്തയയ്ക്കും. പറയാനുള്ളതെല്ലാം കത്തിൽ വിശദമായി, വളച്ചു കെട്ടാതെ പറയും. മര്യാദയ്ക്ക് നടന്നില്ലെങ്കിൽ തട്ടിക്കളയും എന്ന സന്തോഷവാർത്ത അറിയിച്ചുകൊണ്ടാകും കത്ത് അവസാനിപ്പിക്കുക. കത്ത് അയച്ച ആളുടെ പേര് എഴുതുകയില്ലെങ്കിലും എല്ലാ ഊമക്കത്തും സ്വന്തം കൈപ്പടയിൽ എഴുതുന്നതുകൊണ്ട് ആളെ തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടാകാറില്ല. താനാണ് കത്തയച്ചതെന്ന് തിരിച്ചറിയുന്നതിൽ ശ്രീമാൻ ഊമന് വിരോധവുമില്ല.

മേഴ്സി ബാബുവിനേക്കുറിച്ചും മേഴ്സിയുടെ ലീലാവിലാസങ്ങളേക്കുറിച്ചും ഡിഫെൻഡറിൽ വാർത്ത വന്നത് ഈ വിദ്വാന് രസിച്ചില്ല. പക്ഷേ ഡിഫെൻഡറുമായി നേരിട്ട് ഏറ്റുമുട്ടാനുള്ള ധൈര്യവുമില്ല. അതുകൊണ്ട് ഊമ ഒരു വഴി കണ്ടുപിടിച്ചു. ഊമക്കത്തയയ്ക്കുക. ആർക്ക് അയയ്ക്കും? ഡിഫെൻഡറിന് ഊമക്കത്തയച്ചാൽ പുലിവാലാകും. പിന്നെ ആർക്ക് അയയ്ക്കും? ആർക്കെങ്കിലും അയച്ചില്ലെങ്കിൽ ഉറക്കം വരില്ല. അതുകൊണ്ട് ആ ദേശത്തുതന്നെ ഉള്ള ഒരാൾക്ക് ഒരു ഭീഷണിക്കത്തയച്ചു. ഡിഫെൻഡറിന് വിവരങ്ങൾ ചോർത്തിക്കൊടുത്തു എന്നാണ് ആരോപണം. പക്ഷേ, ഇത്തവണ ഊമക്കത്തുകാരൻ കുടുങ്ങുന്ന ലക്ഷണമുണ്ട്. കാരണം, കത്തു കിട്ടിയ ആൾ ഊമയ്ക്കെതിരെ കേസ്സ് കൊടുക്കാൻ തീരുമാനിച്ചിരിക്കയാണ്.







Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan